ആഗസ്റ്റ് 2023

# മരിയനാദം

സെന്റ് മേരീസ് അസംപ്ഷൻ ചർച്ച്, അയ്യഞ്ചോൾ





ആരെയും
ആകർഷിക്കുന്ന
3
ഓഫറുകൾ
ഏറ്റവും കുറഞ്ഞ
പലിശ നിരക്ക്
ഞൊടി ഇടയിൽ പണം
നിങ്ങളുടെ കയ്യിൽ
തികച്ചും സുരക്ഷിതവും
സുതാര്യവുമായ
ഇടപാടുകൾ
കുറഞ്ഞ ലാഭം
കൂടിയ അംഗീകാരം
CHERUPUSHPAM
GOLD LOAN
Olarikkara, Pullazhi P.O,Thrissur 680012
Ph 2360846,2360202,2365890
Customer Care : 8547667788,8547778899
ജോളി സ്റ്റീഫൻ
ഡോ : ജോയ് ആന്റോ



# മരിയനാദം


സെന്റ് മേരീസ് അസംപ്ഷൻ ചർച്ച്
അയ്യന്തോൾ, തൃശ്ശൂർ – 680003
ഫോൺ: 9778346027
Email:mariyanadham.info@gmail.com
www.ayyantholechurch.com



**പുസ്തകം 29**
**2023 ആഗസ്റ്റ്**
**ലക്കം 08**



ചീഫ് എഡിറ്റർ
ഫാ. ജെയ്സൻ പുന്നശ്ശേരി 9526131319

മാനേജിംഗ് എഡിറ്റർ
ശ്രീ. ജേക്കബ് തോലത്ത് 9495565910

അസോസിയേറ്റഡ് എഡിറ്റേഴ്സ്
ശ്രീമതി. ഗ്രേസി ജോണി വടക്കേത്തല 8129978716
ശ്രീ. അഡ്വ. നെറ്റോ നെല്ലിശ്ശേരി 9847970504

ട്രഷറർ
ശ്രീമതി ത്രേസ്യാമ്മ ജേക്കബ് തോലത്ത് 7306711871

എഡിറ്റോറിയൽ മെമ്പേഴ്സ്
റവ. സി. കാതറിൻ CHF 9497301738
ശ്രീ. ജെയ്സൺ കൂള 9495062073
ശ്രീ. ടോണി തരകൻ 9447728883
ശ്രീ. ജെയിംസ് കളപുരയ്ക്കൽ 9847551115
ശ്രീ. ജോഫിൻ കൊളങ്ങര 8943554456
ശ്രീ. ജോർജ്ജ് കൈപ്പറമ്പിൽ 9447458560
ശ്രീ. ഫ്രാൻസീസ് അറങ്ങാശ്ശേരി 9847484720
ശ്രീമതി സ്റ്റാർലിൻ വർഗ്ഗീസ് 9496093192
എക്സ് ഒഫിഷ്യോ മെമ്പർമാർ
ശ്രീ. മേജോ കെ.ജെ 9847865010
(കേന്ദ്രസമിതി കൺവീനർ)
ശ്രീമതി ജോർളിൻ ജോഷി 9544962005
(കേന്ദ്രസമിതി സെക്രട്ടറി)
നടത്തുകൈക്കാരൻ
ശ്രീ. വിൻസെന്റ് കരേരക്കാട്ടിൽ 9495131599


## താളുകളിലൂടെ...


| | |
|---|---|
| എഡിറ്റോറിയൽ | 02 |
| സ്വർലോകരാജ്ഞി | 03 |
| ഇടയശബ്ദം | 04 |
| ഓർമ്മിക്കുക ആചരിക്കുക | 05 |
| വിശ്വാസ പരിശീലന വാർത്തകൾ | 06 |
| കുടുംബകൂട്ടായ്മ വാർത്തകൾ | 08 |
| സെന്റ് വിൻസെന്റ് ഡി പോൾ വാർത്തകൾ | 12 |
| ബാലപംക്തി | 13 |
| വിശ്വാസ വഴിയിലെ സംശയങ്ങൾ | 14 |
| നിയമാവബോധം | 16 |
| കവിത – ക്രിസ്തുമസ് | 17 |
| കുടുംബം എന്റെ കാഴ്ചപ്പാടിൽ | 18 |
| സ്നേഹം | 19 |
| ബൈബിൾ ക്വിസ് | 21 |
| കത്തോലിക്ക കോൺഗ്രസ് വാർത്തകൾ | 22 |
| ഹെൽത്ത് കോർണർ | 23 |
| പാവപ്പെട്ട ക്ലാരമാർ | 25 |
| തിരുനാൾ പ്രോഗ്രാം | 26 |
| വി. ബനഡിക്റ്റ് | 30 |
| ഞങ്ങൾ വരവായി | 31 |
| ഞങ്ങൾ ഒന്നായി | 31 |
| ഞങ്ങൾ യാത്രയായി | 31 |
| ഇടവകയിലേക്ക് വന്നവർ | 32 |
| ചായക്കൂട്ട് മത്സരം | 32 |


**ഇടവക പള്ളിയിലെ**
**വിശുദ്ധ കുർബ്ബാന സമയം**

**സാധാരണ ദിവസം – 6.30 a.m**
**ഞായർ – 6.30 a.m 9.45 a.m**

നടത്തുകൈക്കാരൻ
ശ്രീ. വിൻസെന്റ് കരേരക്കാട്ടിൽ 9495131599

**പള്ളി ഓഫീസ് സമയം**

| | |
|---|---|
| സാധാരണ ദിവസങ്ങളിൽ | 7.00 a.m. - 8.00 a.m.<br>6.00 p.m. - 8.30 p.m. |
| ഞായർ | 10.30 a.m. - 12.30 p.m. |

**തിങ്കൾ അവധി**


കവ്വർ : വിൽസൺ ആളൂർ കൊക്കൻ – +919745844551

# എഡിറ്റോറിയൽ



"മതേതര ജനാധിപത്യ റിപ്പബ്ലിക്കായി, നീതിയും സ്വാതന്ത്ര്യവും സാഹോദര്യവും പുലർത്തുക" - സ്വാതന്ത്ര്യം ലഭിച്ച ശേഷം തയ്യാറാക്കിയ ഭരണഘടനയിലെ ആദ്യ പേജിലെ വരികളാണിവ. എന്നാൽ 76 വർഷങ്ങൾ പിന്നിടുമ്പോൾ ഏക വംശാധിഷ്ഠ തയുടെ വിത്തുകൾ വിതറി മതേതരത്വമൂല്യങ്ങളെ പിഴുതെറിയുന്ന കാഴ്ചയാണ് ഇന്ന് രാജ്യത്ത് അരങ്ങേറുന്നത്. മഹാത്മാഗാന്ധിയും നെഹ്രുവും പട്ടേലും പകർന്നുതന്ന ഊർജ്ജമെല്ലാം തട്ടിമാറ്റി പകരം കുത്തിനിറച്ചതോ മൃഗീയ ഭരണത്തിന്റെ ഭീകരതകൾ മാത്രം. വർഷങ്ങൾ നീണ്ടുനിന്ന സ്വാതന്ത്ര്യസമരത്തിൽ ബ്രിട്ടീഷ് പട്ടാളവും പോലീസും കൊന്നൊടുക്കിയത് 30 ലക്ഷത്തിലധികം ജീവനുകളാണ്. അവരുടെ രക്തമൊഴുക്കി നേടിയെടുത്ത സ്വാതന്ത്ര്യത്തെയാണ് ഇന്ന് അഭിപ്രായ സ്വാതന്ത്ര്യംപോലും ഇല്ലാത്ത അവസ്ഥയിലെത്തിച്ചിരിക്കുന്നത്.

ത്രിവർണ്ണപതാകയിലെ ധീരതയെ സൂചിപ്പിക്കുന്ന ഓറഞ്ചുനിറവും സഹനവും ത്യാഗവും സൂചിപ്പിക്കുന്ന വെള്ളനിറവും, ജീവന്റെ തുടിപ്പിനെ സൂചിപ്പിക്കുന്ന പച്ചനിറവും ഓരോ പൗരനിലും പുനർജനിക്കട്ടെ. സ്വാതന്ത്ര്യം സത്യത്തെ കണ്ടെത്തലാണെങ്കിലും താൻ മാത്രമല്ല സഹജീവികളെക്കൂടി സ്വന്തം കാലിൽ നിൽക്കാൻ സഹായിക്കേണ്ട കൂട്ടുത്തരവാദിത്വം കൂടി ഇതിലുൾക്കൊള്ളുന്നുണ്ട്. അവസാനത്തെ ദരിദ്രൻവരെ രക്ഷിക്കപ്പെടുന്ന അവസ്ഥ. അനേകകോടി ജനങ്ങൾ ഭീതിയിലും ദാരിദ്ര്യത്തിലും കഴിയുമ്പോൾ എന്തു സ്വാതന്ത്ര്യം. അവരുടെ വിശ്വാസങ്ങളെ പോറലേൽപ്പിക്കാതെ, കുറവുകൾ തിരുത്തി, ഭരണഘടനയിൽ ഓരോ പൗരനും വേണ്ടത്ര പങ്കാളിത്തം കൊടുക്കുകയും ചെയ്യുമ്പോൾ സ്വാതന്ത്ര്യം അതിന്റെ പരിപൂർണ്ണതയിൽ ആവും. ഒരു പ്രളയത്തിനോ കോവിഡിനോ ഇല്ലായ്മ ചെയ്യാവുന്നതേ ഉള്ളൂ നമ്മുടെ ജീവൻ. എന്നിട്ടും അപരനെ കൈപിടിയിലൊതുക്കി ഇല്ലായ്മ ചെയ്യാനുള്ള തത്രപ്പാട് എന്തിന്? വരുംതലമുറയെങ്കിലും ഇതിൽനിന്നെല്ലാം മുക്തി നേടി സുഗമമായ രാജ്യത്തിന്റെ പ്രയാണം കാണാൻ നമുക്കൊത്തൊരുമിച്ചു പ്രാർത്ഥിക്കാം.

"പാരതന്ത്ര്യം മാനികൾക്ക്
മൃതിയേക്കാൾ ഭയാനകം"

ഒരുപാട് പ്രതിസന്ധികളിലൂടെ കടന്നുപോകുമ്പോഴും യഥാർത്ഥ സ്വാതന്ത്ര്യം അനുഭവിച്ച വ്യക്തി പരിശുദ്ധ കന്യകാമറിയമാണ്.

മറ്റുള്ളവരാണ് അധ്വാനിച്ചത്. അവരുടെ അധ്വാനഫലത്തിലേക്ക് നിങ്ങൾ പ്രവേശി

ച്ചിരിക്കുന്നു - യോഹ 4:38.
ഈ സ്വാതന്ത്ര്യദിനത്തിലും ഈ ചിന്ത നമ്മെ നയിക്കട്ടെ.
ഏവർക്കും സ്വർഗ്ഗാരോപിത മാതാവിനെന്റെ തിരുനാൾ ആശംസകൾ.

**പത്രാധിപസമിതി**

# സ്വർലോകരാജ്ഞി



'മുനീഷി പെന്തസിമുസ് തേവൂസ്' എന്ന തിരുവെഴുത്തു വഴിയാണ് പ. കന്യകാമറിയത്തിന്റെ സ്വർഗ്ഗാരോപണം വിശ്വാസസത്യമായി പ്രഖ്യാപിച്ചത്. 1950 നവംബർ 1 ന് 12-ാം പീയൂസ് മാർപാപ്പയാണ് അത് പ്രഖ്യാപിച്ചത്. പ.അമ്മ ആത്മശരീരങ്ങളോടെയാണ് സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെട്ടത്. മനുഷ്യനെ സംബന്ധിച്ച് 'മനുഷ്യാ, നീ മണ്ണാകുന്നു' എന്നു പറയുന്നത് ശരിയാണെന്നറിയാം. പക്ഷേ ഉത്ഭവപാപവും കർമ്മപാപവും ഏശാത്ത പ.മറിയം എങ്ങനെ മണ്ണോട് ചേരും, അതിനാൽ പിതാവായ ദൈവം അവളെ വിണ്ണിന്റെ പ്രകാശമാക്കാൻ നിശ്ചയിച്ചു. സ്വർഗ്ഗാരോപണത്തെക്കുറിച്ച് ബൈബിളിൽ നാം കാണുന്നില്ല. എന്നാൽ മാതാവിനെക്കുറിച്ചുള്ള സംഭവങ്ങൾ പഠിച്ചാണ് ഈ വിശ്വാസത്തിലേക്ക് എത്തിച്ചേരുന്നത്. കത്തോലിക്കാസഭ തന്റെ തെറ്റാവര പ്രബോധനം വഴി പഠിപ്പിച്ച വിശ്വാസസത്യമാണിത്. 13-ാം ശതാബ്ദത്തിൽ തന്നെ മാതാവിന്റെ സ്വർഗ്ഗാരോപണത്തെപ്പറ്റി ഭക്തർ ധ്യാനിച്ചുതുടങ്ങി. "ഇതാ നിന്റെ അമ്മ" എന്ന് കുരിശ്ശിൽ നിന്ന് കേട്ട സ്വരം ജനകോടികളുടെ അമ്മയാകാനുള്ള ദൗത്യമാണ് പ.മറിയത്തിൽ നിക്ഷേപിച്ചത്. നമുക്ക് ആശ്രയിക്കാൻ ലഭിച്ച സ്വർഗ്ഗത്തിന്റെ സമ്മാനമായ അമ്മയെ മുറുകെ പിടിക്കാം.

'ഇതാ നിന്റെ ദാസി, നിന്റെ ഇഷ്ടം എന്നിൽ നിറവേറട്ടെ' ന്നെു പ്രത്യുത്തരിച്ചതുവഴി സഹരക്ഷകയായി സ്വാതന്ത്ര്യത്തിന്റെ എല്ലാ വാതായനങ്ങളും അമ്മയുടെ മുമ്പിൽ തുറക്കപ്പെടുകയായിരുന്നു. സ്വർലോകരാജ്ഞി ഞങ്ങൾക്കു വേണ്ടി അപേക്ഷിക്കണമേ എന്നു നമുക്ക് പ്രാർത്ഥിക്കാം. ഏവർക്കും സ്വർഗ്ഗാരോപണത്തിരുനാളിന്റെ ആശംസകൾ നേരുന്നു.

**ജിപ്സി റാഫി, സെന്റ് തോമസ് യൂണിറ്റ്**



# ഇടയശബ്ദം



"എന്റെ ഭാഗധേയം അങ്ങയുടെ കൈകളിലാണ്; ശത്രുക്കളുടേയും പീഢകരുടേയും കൈകളിൽനിന്ന് എന്നെ മോചിപ്പിക്കണമേ." (സങ്കീ. 31:15)

ഭൂമിയിൽ ജനിച്ചവളും പാപക്കറകളേൽക്കാത്തവളുമായ സ്വർഗ്ഗാരോപിത മാതാവിന്റെ തിരുനാൾ മംഗളങ്ങളും ഒപ്പം സ്വാതന്ത്ര്യദിനാശംസകളും നേരുന്നു.

സ്വർഗ്ഗീയാഭിലാഷങ്ങളെ കണ്ടെത്തിയവളും ജഡികാഭിലാഷങ്ങളെ തകർത്തവളുമായ പരിശുദ്ധ അമ്മ ഇന്നിന്റെ വലിയ ദർശനമാണ്. അടിമത്വം, അത് നമ്മെ ഒത്തിരിയേറെ തളർത്തും. എന്നാൽ ദൈവേഷ്ടത്തോടുള്ള വിധേയത്വം നമ്മെ വളർത്തും. അത് നമ്മെ മോചിപ്പിക്കും.

സ്വതന്ത്രഭാരതത്തെ അടിമത്ത രാജ്യമാക്കി മാറ്റിയതാരാണ്? ശത്രുക്കളുടെയും പീഢകരുടേയുംകൈകളിലേക്ക്നാംതന്നെയല്ലെനമ്മെഏൽപ്പിച്ചുകൊടുത്തത്. ദൈവനിഷേധത്തിലോ തീവ്രമതഭ്രാന്തിലോ വിശ്വസിക്കുന്നവനും ചരിക്കുന്നവനും പ്രകാശത്തെ അറിയാതെ അന്ധകാരത്തെ സ്നേഹിക്കുന്നു. "ദരിദ്രരെയും നിരാലംബരേയും കൊല്ലുന്നതിന് കൊലപാതകി നേരം വെളുക്കുംമുമ്പ് ഉണരുന്നു; രാത്രിയിൽ അവൻ മോഷണം നടത്തുന്നു. ആരും അവനെ കാണുകയില്ല എന്ന് പറഞ്ഞ് വ്യഭിചാരി ഇരുട്ടാകാൻ കാത്തിരിക്കുന്നു... കടുത്ത അന്ധകാരമാണവരുടെ പ്രഭാതം. അന്ധകാരത്തിന്റെ ക്രൂരതകളുമായിട്ടാണവരുടെ കൂട്ടുകെട്ട്." (ജോസ് 24:14–17). തെറ്റിനെ ന്യായീകരിക്കുന്നവൻ തെറ്റിന്റെ പക്ഷം ചേരുന്നു; കളവുമുതലിൽ പങ്കുപറ്റുന്നവൻ മോഷ്ടാവാകുന്നു. ദുർബ്ബലരെ ഉപദ്രവിക്കുന്നവൻ പീഡകനാകുന്നു. വ്യാജം പടച്ചുവിടുന്നവൻ സത്യത്തെ ഒറ്റികൊടുക്കുന്നു. പ്രഭാഷകൻ പറയുന്നു. "വികാരം കൊണ്ട് ജ്വലിക്കുന്ന ഹൃദയം ആളുന്ന തീ പോലെയാണ്; ജീവിതം പൂർണമായി നശിപ്പിക്കുന്നതു

വരെ അത് അടങ്ങുകയില്ല." (പ്രഭാ. 23:16). തിന്മ അതിനാൽ തന്നെ സർവ്വനാശത്തിലേക്കുള്ള വഴി തുറക്കുന്നു.

സുഭാഷിതൻ പറയുന്നു – "നന്മയും നീതിയും അനുഷ്ഠിക്കുന്നതാണ്, കർത്താവിന് ബലിയേക്കാൾ ശ്രേഷ്ഠം." (21:3) "സത്യസന്ധതയിൽ ചരിക്കുന്ന നീതിമാന്റെ പിൻതലമുറകൾ അനുഗ്രഹിക്കപ്പെട്ടതാണ്." (സുഭാ. 20:7). നിന്റെ പ്രയത്നം കർത്താവിലർപ്പിക്കുക; നിന്റെ പദ്ധതികൾ ഫലമണിയും." (സുഭാ. 16:2) ഒരുവന്റെ വഴികൾ കർത്താവിന് പ്രീതികരമായിരിക്കുമ്പോൾ ശത്രുക്കൾപോലും അവനോട് ഇണങ്ങിക്കഴിയുന്നു. നീതിപൂർവ്വം നേടിയ ചെറിയ ആദായമാണ് അനീതിവഴി നേടിയ വലിയ ആദായത്തേക്കാൾ വിശിഷ്ടം." (സുഭാ. 16:7, 8).

ഈ ഭൂമിയിൽ ആരാലും ഒന്നിനാലും ബന്ധിക്കപ്പെടാത്ത, സ്വതന്ത്രമായ ഒരു ജീവിതം നിങ്ങൾക്കുണ്ടാകട്ടെ എന്നാശംസിക്കുന്നു.

നിങ്ങളുടെ
ജെയ്സനച്ചൻ




## ഓർമ്മിക്കുക ആചരിക്കുക

### 2023 ആഗസ്റ്റ്

| | | |
|---|---|---|
| 01.08.23 | ചൊവ്വ | വി. അൽഫോൺസ് ലിഗോരി |
| 04.08.23 | വെള്ളി | വി. ജോൺ മരിയ വിയാനി |
| 06.08.23 | ഞായർ | ക്രിസ്തുവിന്റെ രൂപാന്തരീകരണം |
| 08.08.23 | ചൊവ്വ | വി. ഡൊമിനിക് |
| 11.08.23 | വെള്ളി | വി. ക്ലാര |
| 14.08.23 | തിങ്കൾ | വി. മാക്സ്മില്യൻ കോൾബെ |
| 15.08.23 | ചൊവ്വ | പ. കന്യാമറിയത്തിന്റെ സ്വർഗാരോപണം/ഇന്ത്യൻ സ്വാതന്ത്ര്യദിനം |
| 20.08.23 | ഞായർ | വി. ബർണാർദ് |
| 23.08.23 | ബുധൻ | വി. റോസ |
| 24.08.23 | വ്യാഴം | വി. ബർത്തലോമിയ ശ്ലീഹ |
| 27.08.23 | ഞായർ | വി. മോനിക്ക |
| 29.08.23 | ചൊവ്വ | വി. ഏവുപ്രാസ്യമ്മ |



# വിശ്വാസ പരിശീലന വാർത്തകൾ

സ്നേഹമുള്ള അധ്യാപകരേ, മാതാപിതാക്കളേ, വിദ്യാർത്ഥികളേ,

നമ്മുടെ ഇടവക മദ്ധ്യസ്ഥയായ പരിശുദ്ധ കന്യകാമറിയത്തിന്റെ സ്വർഗ്ഗാരോപണ തിരുന്നാളിന്റേയും സ്വാതന്ത്ര്യദിനത്തിന്റേയും ആശംസകൾ സന്തോഷപൂർവ്വം സ്നേഹത്തോടെ എല്ലാ വിശ്വാസപരിശീലന അധ്യാപകർക്കും വിദ്യാർത്ഥികൾക്കും നേരുന്നു. നമ്മുടെ അമ്മയും ദൈവമാതാവുമായ പരി. കന്യകാമറിയത്തോട് മധ്യസ്ഥ്യം അപേക്ഷിച്ചുകൊണ്ട് ഈശോയിലേക്ക് കൂടുതലടുക്കുവാൻ ഈ മാസം പരിശ്രമിക്കാം.

ഇവൻ എന്റെ പ്രിയപുത്രനാണ് (മർക്കോ 1:11) എന്ന് അരുളിചെയ്ത ദൈവപിതാവിന്റെ പ്രിയസുതനെ പ്രായത്തിലും ജ്ഞാനത്തിലും ദൈവത്തിന്റേയും മനുഷ്യരുടേയും പ്രീതിയിലും (ലൂക്കാ 2:52) വളർത്തിയെടുത്ത പരി.കന്യകാമറിയമാണ് വിശ്വാസ പരിശീലന പ്രക്രിയയിലെ നമ്മുടെ ഏറ്റവും ഉത്തമമാതൃക.

ഈ പുതിയ അധ്യയനവർഷത്തിൽ മതബോധനം സ്വീകരിക്കുന്ന കുട്ടികളുടെ കാര്യത്തിൽ മാതാപിതാക്കൾ പ്രത്യേകമായി കൂടുതൽ ശ്രദ്ധ നൽകുവാനും അവരുടെ കൂട്ടുകെട്ടുകൾ എന്തെന്ന് അന്വേഷിക്കുവാനും സമയം കണ്ടെത്തണം. എന്താണ് കുട്ടികളുടെ മതബോധന പാഠ്യപദ്ധതിയെന്നും അവർക്കായി നടത്തുന്ന വിശ്വാസ പരിശീലന പരീക്ഷകളിലും ടെസ്റ്റുകളിലും അവർക്ക് ലഭിക്കുന്ന ഫലം എന്താണെന്ന് അന്വേഷിക്കാനും നല്ല വിജയത്തിനായി അവരെ ഒരുക്കിവിടാനും ശ്രദ്ധിക്കണം. വി.കുർബ്ബാനയിലെ പങ്കാളിത്തം, പരസ്നേഹപ്രവർത്തനത്തിലുള്ള സജീവഭാഗഭാഗിത്വം എന്തൊക്കെയെന്നും അന്വേഷിക്കുന്നത് മാതാപിതാക്കൾ നൽകുന്ന പ്രോത്സാഹനങ്ങളാണ്. ബൈബിൾ പഠനസഹായിയിൽ നൽകിയിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരം കണ്ടുപിടിച്ച് കൊടുക്കേണ്ടത് മാതാപിതാക്കളാണ്.

ജൂലായ് 2-ാം തിയ്യതി ഞായറാഴ്ച മുതൽ പൊതു അസംബ്ലി ആരംഭിച്ചു. അന്നേ ദിവസം നഴ്സറി, ഒന്ന് എന്നീ ക്ലാസ്സുകളിലെ വിദ്യാർത്ഥികളും അവരുടെ മാതാപിതാക്കളും ക്ലാസ്സ് ടീച്ചർമാരായ സാന്ദ്രമരിയ, മേഴ്സി വിൻസെന്റ് എന്നിവരുടെ

നേതൃത്വത്തിൽ വളരെ മനോഹരമായി അസംബ്ലിക്കും വി. കുർബ്ബാനയ്ക്കും നേതൃത്വം നൽകുകയുണ്ടായി. തുടർന്നുള്ള ഞായറാഴ്ചകളിൽ 2, 3, 4, ... എന്നീ ക്ലാസ്സുകൾ എന്ന ക്രമത്തിൽ അസംബ്ലിക്കും വി.കുർബ്ബാനയ്ക്കും നേതൃത്വം നൽകുന്നതായിരിക്കും. കഴിഞ്ഞ 50 നോമ്പിലെ ഫെബ്രുവരി, മാർച്ച്, ഏപ്രിൽ എന്നീ മാസങ്ങളിൽ വി.കുർബ്ബാനയ്ക്ക് മുടങ്ങാതെ വന്ന വിദ്യാർത്ഥികൾക്ക് ജൂലൈ 16-ാം തിയ്യതി ഞായറാഴ്ച രണ്ടാമത്തെ കുർബ്ബാനമദ്ധ്യേ സമ്മാനങ്ങൾ നല്കി ആദരിക്കുകയുണ്ടായി. സെപ്തംബർ 24-ാം തിയ്യതി ഞായറാഴ്ച ഉച്ചതിരിഞ്ഞ് നടത്തപ്പെടുന്ന ലോഗോസ് ക്വിസ് പരീക്ഷയ്ക്ക് കുട്ടികളെ ഒരുക്കുക എന്ന ലക്ഷ്യത്തോടെ ജൂലായ് 9-ാം തിയ്യതി ഞായറാഴ്ച മുതൽ സെപ്തംബർ 10-ാം തിയ്യതി ഞായറാഴ്ചയോടുകൂടി പൂർത്തിയാകുന്ന തരത്തിൽ ഓരോ ഞായറാഴ്ചയും മൂന്ന് അല്ലെങ്കിൽ 4 സുവിശേഷ അദ്ധ്യായങ്ങൾ ഉൾപ്പെടുത്തികൊണ്ട് Std. V മുതൽ ACC വരെയുള്ള വിദ്യാർത്ഥികൾക്ക് ബൈബിൾ ക്വിസ് പരീക്ഷ നടത്തുന്നു. മേൽപ്പറഞ്ഞ ക്ലാസ്സുകളിലെ വിദ്യാർത്ഥികളുടെ മാതാപിതാക്കൾ ഈ കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

ജൂലായ് 30-ാം തിയ്യതി നടന്ന ഫസ്റ്റ് മിഡ് ടേം പരീക്ഷ നല്ല രീതിയിൽ എഴുതിയ എല്ലാ വിദ്യാർത്ഥികൾക്കും അവരെ പ്രോത്സാഹിപ്പിച്ച മാതാപിതാക്കൾക്കും പ്രത്യേകം നന്ദി. ഈ വർഷ വിശ്വാസപരിശീലന ഡയറി എല്ലാ വിദ്യാർത്ഥികൾക്കും വിതരണം ചെയ്യുകയുണ്ടായി.

അതിരൂപതാ വിസിറ്റിങ്ങ് ടീമംഗങ്ങൾ ഈ മാസം നമ്മുടെ യൂണിറ്റ് സന്ദർശിച്ച് നമ്മുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതാണ്. വിശ്വാസപരിശീലന ക്ലാസ്സുകളിലേക്ക് നമ്മുടെ മക്കൾ കൃത്യസമയത്ത് തന്നെ (അതായത് കാലത്ത് 8 മണിക്ക് മുമ്പ്) എത്തിച്ചേരുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിലേക്ക് മാതാപിതാക്കളുടെ സജീവമായ ശ്രദ്ധ ക്ഷണിക്കുന്നു. നമ്മുടെ പ്രിയപ്പെട്ട ഡയറക്ടർ റവ. ഫാ. ജെയ്സൺ പുന്നശ്ശേരിയച്ചന് ഏറെ സ്നേഹത്തോടെ ജന്മദിനാശംസകൾ (7.08.2023) ഏവരുടേയും പേരിൽ നേർന്നുകൊണ്ട് ഒരിക്കൽകൂടി ഇടവകമദ്ധ്യസ്ഥയായ പരി. കന്യകാമാതാവിന്റെ സ്വർഗ്ഗാരോപണ തിരുനാളിന്റെ പ്രാർത്ഥനാശംസകൾ നേർന്നുകൊണ്ട് സ്നേഹത്തോടെ,

സ്നേഹത്തോടെ,

**ഡോ. ജോയ് കരേരക്കാട്ടിൽ,**

പ്രിൻസിപ്പാൾ



# കുടുംബകൂട്ടായ്മ വാർത്തകൾ

## സെന്റ് തോമസ് കുടുംബകൂട്ടായ്മ വാർത്തകൾ

**ചിമ്മിണി ഡാമിലേക്കൊരു വിനോദയാത്ര**

ജൂലായ് 16 ന് കർമലമാതാവിന്റെ തിരുന്നാൾ ദിവസം സെന്റ് തോമാസ് യൂണിറ്റ് തങ്ങളുടെ വാർഷികാഘോഷത്തിന്റെ ഭാഗമായി ചിമ്മിണി ഡാമിലേക്കൊരു വിനോദയാത്ര പുറപ്പെട്ടു. പ്രാർത്ഥനയോടെ 28 പേരടങ്ങുന്ന സംഘം രാവിലെ 9.30 ന് യാത്ര തിരിച്ചു. ആമ്പല്ലൂരിൽ നിന്നും തിരിഞ്ഞ് വരന്തരപ്പിള്ളിയും കടന്ന് അതിമനോഹരമായ വനത്തിന്റെ നടുവിലൂടെയുള്ള യാത്ര ചിമ്മിനി ഡാമിലെത്തി. ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റിന്റെ ടിക്കറ്റെടുത്ത് ഡാമിന്റെ വഴിയിലൂടെ 2 കി.മീ. യാത്ര ചെയ്ത് പാർക്കിങ്ങ് ഗ്രൗണ്ടിലെത്തി. ഡാമിനടുത്തേക്ക് ഞങ്ങൾ നടന്നുനീങ്ങി. കല്ലും ഇഷ്ടികയും ഉപയോഗിച്ച് പണിതീർത്ത ചിമ്മിനിഡാം ഒരു ഹൈഡ്രോ ഇലക്ട്രിക് പ്രോജക്റ്റ് ആണെങ്കിലും ഇറിഗേഷൻ, കുടിവെള്ള പദ്ധതി എന്നീ ലക്ഷ്യങ്ങളും ഇതിനുണ്ട്. കുറുമാലി പുഴയ്ക്ക് കുറുകെ 495 മീ. നീളമുള്ള ഈ ഡാമിന്റെ പണി 1996 ലാണ് പൂർത്തിയായത്. ഡാമിനകത്ത് 4 പേർ വീതം കൊട്ടവഞ്ചിയിൽ കയറി സവാരി നടത്തി. ട്രക്കിങ്ങിനുള്ള സൗകര്യവും ഇവിടെയുണ്ട്. വന്യജീവി സങ്കേതത്തിൽ ആന, മാൻ, കുരങ്ങൻ, കരടി, കാട്ടുപോത്ത്, പുലി എന്നിവ സ്വൈര്യവിഹാരം നടത്തുന്നു. പുലി തന്റെ വീട്ടിലെ പശുവിനെ പിടിച്ച കാര്യവും വഞ്ചിക്കാരൻ വിവരിക്കുകയുണ്ടായി. എല്ലാവരും ഊഞ്ഞാലാടി തങ്ങളുടെ ബാല്യകാല സ്മരണകളെ അയവിറക്കി. നക്ഷത്രവനം, മെഡിസിനൽ ചെടികളുടെ ഉദ്യാനം, ശലഭോദ്യാനം എന്നിവയും അവിടെ ഒരുക്കിയിട്ടുണ്ട്.

ടൂറിസ്റ്റുകൾക്കായി പണിതിട്ടുള്ള റസ്റ്റ് ഹൗസിൽ ഞങ്ങൾ വിശ്രമിച്ചു. കൊണ്ടുപോയ ഭക്ഷണം അപ്പനും അമ്മയും കുഞ്ഞുങ്ങളും അടങ്ങിയ ഒരു കുടുംബം


75-ാം പിറന്നാൾ
20-08-2023
താണിക്കൽ കോടങ്കണ്ടത്ത്
അന്തോണി മകൻ
ജോസ്
ഞങ്ങളുടെ അപ്പാപ്പന് ആശംസകളോടെ
ആരാധ്യ മരിയ ജിന്റോ
അന്റോണിയോ ക്രിസ് ജിന്റോ
ഇസബെൽ ജെയിൻ ജിക്കോ
ഐറിൻ ഗ്രേയ്സ് ജിക്കോ
സെന്റ് പീറ്റർ യൂണിറ്റ്

# 37 –ാം ചരമദിനം

## 05 – 08 – 2023



## കരേരക്കാട്ടിൽ ലോനപ്പൻ ഭാര്യ

# റോസി

ജനനം : 18 – 11 – 1952 മരണം : 30 – 06 – 2023

സ്നേഹസ്മരണകളോടെ കുടുംബാംഗങ്ങൾ

സെന്റ് പോൾ യൂണിറ്റ്

പോലെ വിളമ്പി ആസ്വദിച്ചു കഴിച്ചു. അതിനുശേഷം അവിടെ തന്നെ ഒരു മീറ്റിങ്ങ് കൂടി ഗ്രൂപ്പിലെ ലക്കി പേർസനെ തിരഞ്ഞെടുത്തു. ആനി ഡേവീസായിരുന്നു ഭാഗ്യവതി. റാഫിയും ഫാമിലിയും ഫുൾ അറ്റന്റൻസിന് അർഹരായി. ബൈബിൾ ക്വിസിന് പുഷ്പ വർഗീസിനെയും, കാറ്റിക്കിസം അവാർഡ് നേടിയ മേഴ്സി ജെസീന്റോയേയും ആദരിച്ചു. ഡിസ്റ്റിങ്ങ്ഷ്ഡ് വ്യക്തിയായി ഗ്രെയ്സി ജോണിയേയും പൊന്നാടയണിയിച്ചു. ജെയിൻ വർഗീസും ജീന വർഗീസും എം.ടെക്കിന് ഉന്നതവിജയം നേടി ജോലിയിൽ പ്രവേശിച്ചതിന് സമ്മാനങ്ങൾ നൽകുകയുണ്ടായി. അവരുടെ വക ലഡു വിതരണം ഉണ്ടായിരുന്നു. വന്നുചേർന്ന 14 കുടുംബങ്ങൾക്കും അന്യോന്യം നറുക്കിട്ട് പാരിതോഷികങ്ങൾ നൽകി. അഡ്രിൻ ബ്രൂസിന് കാറ്റിക്കിസത്തിൽ 2-ാം റാങ്കിനും ഇടവകയിൽ നടത്തിയ പെനാൽട്ടി ഷൂട്ടൗട്ടിൽ ഗോൾ അടിച്ചതിനും സമ്മാനം കൊടുത്തു.

പിന്നീട് ഞങ്ങൾ മടക്കയാത്രയിൽ മുത്തശ്ശൻ മരത്തിനടുത്തെത്തി. അതിന്റെ വേരുകൾ വിശറിപോലെ മണ്ണിനുമുകളിൽ വളർന്നുനിൽക്കുന്ന കാഴ്ച അപൂർവ്വം തന്നെ. അവിടെ കൂടി ഒഴുകിയിരുന്ന ചിമ്മിണി പുഴയിലെ വെള്ളത്തിൽ ഉരുളൻ പാറകളുടെ മീതേകൂടി ശ്രദ്ധയോടെ ഞങ്ങൾ അക്കരെ കടന്നു. ചൊക്കയിലെ ഹാങ്ങിങ്ങ് ബ്രിഡ്ജായിരുന്നു അടുത്ത സൈറ്റ്. അവിടെ തട്ടുതട്ടായി കൃഷി ചെയ്തിരുന്ന റബ്ബർ തോട്ടങ്ങൾ - (മുപ്ലിയം വനം) മനോഹര കാഴ്ച്ചയാണ്. ഇവിടെ കുറുമാലി പുഴ കടക്കാൻ ബ്രിട്ടീഷുകാർ നിർമ്മിച്ച തൂക്കുപാലങ്ങളുണ്ട്. സാഹസികമായി ആ പാലത്തിലൂടെ കടന്ന് ഹാരിസൺസ് മലയാളം ലിമിറ്റഡിന്റെ കീഴിലുള്ള എസ്റ്റേറ്റിലെത്തി തിരിച്ചുപോന്നു. പാലത്തിനടിയിലൂടെ കിതച്ചൊഴുകുന്ന കുറുമാലി പുഴ - മുപ്ലി പുഴയും ചിമ്മിണി പുഴയും കൂടി ചേർന്നതാണ്.

ഒടുവിൽ ഞങ്ങൾ വേലൂപ്പാടം സെന്റ് ജോസഫ് ചർച്ചിലെത്തി. അവിടെ പ്രാർത്ഥിച്ചു. പള്ളിയുടെ സൈഡിലെ 'പിതാപാത'യും പിന്നിലെ സ്ലീവാപ്പാത സ്റ്റേഷനുകളും തീർത്ഥാടകരെ ഹഠാദാകർഷിക്കുന്നു. ആഗസ്റ്റ് 15ന് അവിടെയും ഊട്ടുതിരുന്നാളുണ്ട്. മടക്കയാത്രയിൽ അധ്വ. സന്തോഷിന്റെ യാത്രാവിവരണവും ഡോ. ഫ്ളോറൻസിന്റെ - ടിൻസിന്റെ ജീവിതകഥയും ഏറെ ഹൃദ്യമായി. കുസൃതിചോദ്യങ്ങളും കളികളും,

ജീവിതാനുഭവങ്ങളും പങ്കുവെച്ച് ആഹ്ലാദം ആവോളം നുകർന്ന് മാതാവിന്റെ അങ്ങേയറ്റം സംരക്ഷണയിൽ 5 pm യോടെ ഞങ്ങളുടെ യാത്ര അയ്യന്തോളിൽ പര്യവസാനിച്ചു.

ജൂലായ് 3 ന് രാവിലത്തെ കുർബ്ബാനയിൽ സെന്റ് തോമസ് യൂണിറ്റ് കാഴ്ചസമർപ്പണം നടത്തി. ജൂലായ് 15 ന് യൂണിറ്റിൽനിന്നും കടന്നുപോയ എല്ലാ കുടുംബാംഗങ്ങൾക്കും വേണ്ടി ഒരു കുർബ്ബാനയും പൊതു ഒപ്പീസും നടത്തിയിരുന്നു.

പ്രസിഡന്റ്

**ഡോ. ആന്റോ ഫ്ളോറൻസ്**

സെന്റ് തോമസ് യൂണിറ്റ്

# ലിറ്റിൽ ഫ്ളവർ കുടുംബകൂട്ടായ്മ



മഴക്കാലത്ത് ഉണ്ടാകുന്ന ഡെങ്കിപനി പോലുള്ള പകർച്ചവ്യാധികൾ തടയുന്നതിനുള്ള ബോധവത്ക്കരണം നൽകി കൊണ്ട് തൃശ്ശൂർ DMO ഓഫീസ്സിലെ ഹെൽത്ത് ഇൻസ്പെക്ടർ ശ്രീ. പത്മൻ യൂണിറ്റ് അംഗങ്ങൾക്ക് ക്ലാസ്സ് എടുത്തു.

ഹോമിയോപ്പതി പ്രതിരോധ മരുന്നുകൾ യൂണിറ്റിന്റെ അംഗങ്ങൾക്ക് നൽകുന്നതിന്റെ ഭാഗമായി യൂണിറ്റിന്റെ പ്രമോട്ടർമാരായ റവ.സി. കാതറിനും, റവ. സി.ലിഖിയയ്ക്കും നൽകി ഹെൽത്ത് ഇൻസ്പെക്ടർ ശ്രീപത്മൻ പ്രതിരോധ മരുന്ന് വിതരണം ഉദ്ഘാടനം ചെയ്തു......



തെരുവു നായ്ക്കളുടെ ശല്യം ക്രമാതീതമായി വർദ്ധിച്ച് മനുഷ്യരുടെ ജീവന് ഭീക്ഷണി യായിരിക്കുന്ന സാഹചര്യത്തിൽ അയ്യന്തോൾ സെന്റ് മേരീസ് അസം പ്ഷൻ ദൈവാലയത്തിലെ ലിറ്റിൽ ഫ്ലവർ കുടുംബ കൂട്ടായ്മയുടെ നേതൃത്വത്തിൽ അയ്യന്തോൾ കർഷക നഗർ ജംഗ്ഷനിലേക്ക് കൂട്ടായ്മയിലെ അംഗങ്ങൾ പ്രതിഷേധ റാലി നടത്തിയതിൽ നിന്ന് ..........



അയ്യന്തോൾ സെന്റ് മേരീസ് അസംപ്ഷൻ ചർച്ചിലെ ലിറ്റിൽ ഫ്ലവർ യൂണിറ്റിലെ കുട്ടി കൂട്ടായ്മയുടെ നേതൃത്വത്തിൽ  മണിപ്പൂരിൽ ദുരിതം അനുഭവിക്കുന്ന ജന തയ്ക്ക് സഹായം നൽകുന്നതിന്റെ ഭാഗമായി യൂണിറ്റിലെ വീടുകളിൽ നിന്ന് പാഴ് വസ്തുക്കളും ന്യൂസ് പേപ്പറും ശേഖരിച്ച് അതിൽ നിന്ന് കിട്ടിയ 4000 രൂപ ഇടവക വികാരി റവ.ഫാ.ജെയ്സൻ പുന്നശ്ശേരിയ്ക്ക് കുട്ടി കൂട്ടായ്മ അംഗങ്ങൾ കൈമാറിയ അസുലഭ നിമിഷം.

ഈ ചെറിയവരിൽ ആരെയെങ്കിലും നിങ്ങൾ സഹായിച്ചപ്പോൾ എന്നെ തന്നെയാണ് സഹായിച്ചത് എന്ന തിരുവചനം സാക്ഷാത്ക്കരിച്ചു കൊണ്ട്  സാമൂഹ്യ പ്രതിബദ്ധ തയും ലക്ഷ്യബോധവും സഹായ മനസ്സസ്ഥിതിയും ഉള്ള നാളെയുടെ വാഗ്ദാന ങ്ങളായ നല്ല പൗരൻമാരായി വളർന്ന് വരാൻ  ദൈവം ഇവരെ സഹായിക്കട്ടെ ........ ഒപ്പം ഇവരെ ഈ സദ്പ്രവൃത്തിക്ക് ഒരുക്കിയ കുടുബകൂട്ടായ്മ ഭാരവാഹികൾക്കും മാതാ പിതാക്കൾക്കും യൂണിറ്റിലെ  അംഗങ്ങൾക്കും  നന്ദി രേഖപ്പെടുത്തുന്നു.....

**ഡെൽസൻ കെ ഡേവിസ്**

ലിറ്റിൽ ഫ്ളവർ കുടുംബ കൂട്ടായ്മ പ്രസിഡന്റ് .

# സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി വാർത്തകൾ



സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റിയിൽ വിൻസെൻഷ്യൽ ചൈതന്യത്തോടും ആത്മാർത്തമായ പ്രവർത്തനത്തോടെ ഞങ്ങളോടൊപ്പം ഏഴ് വർഷത്തോളം സേവനം ചെയ്ത ഞങ്ങളുടെ പ്രിയ സഹോദരൻ വിൻസെന്റ് പെല്ലിശ്ശേരി 2023 ജൂലൈ 16 ന് ഞങ്ങളിൽനിന്നും വേർപ്പെട്ടുപോയി. ഒരു വിൻസെന്റ് ഡി പോൾ അംഗത്തിന്റെ മുഖമുദ്രമായ സമയത്തിന്റെയും സമ്പത്തിന്റെയും ഒരു ഓഹരി വളരെ സത്യസന്ധമായി നൽകികൊണ്ടായിരുന്നു അദ്ദേഹത്തിന്റെ ജീവിതം. അദ്ദേഹം ഏറ്റെടുത്ത സ്ഥാനമാനങ്ങളിൽ വളരെയധികം നീതി പുലർത്തികൊണ്ടായിരുന്നു അദ്ദേഹം പ്രവർത്തിച്ചിരുന്നത്.

വളരെ സന്തോഷമായി മകളുടെ അടുത്തേയ്ക്ക് മകളേയും കൊച്ചുമക്കളേയും കാണാനും അവരോടൊപ്പം 6 മാസം കഴിയാനുമായിരുന്നു പോയത്. എന്നാൽ കർത്താവിന്റെ കരങ്ങളിൽ സ്വന്തം ആത്മാവിനു ഏൽപ്പിച്ചു. അതായിരുന്നു ദൈവത്തിന്റെ ഹിതം. ഞങ്ങൾക്ക് നഷ്ടപ്പെട്ടത് ഒരു നല്ല നിസ്വാർത്ഥ പ്രവർത്തകനാണ്. ഒരിക്കൽ പോലും ഏതു പ്രതിസന്ധി ഉണ്ടായാലും ആരോടും ദേഷ്യപ്പെടുന്ന പ്രകൃതം അദ്ദേഹത്തിനു ഇല്ലായിരുന്നു. സ്വതസിദ്ധമായ ചിരിയിൽ എല്ലാം ഒതുക്കും.

"മരണംവരുമൊരുനാൾ ഓർക്കുക മർത്ത്യാനീ;
കൂടെപ്പോരും നിൻ ജീവിതചെയ്തികളും
സൽകൃത്യങ്ങൾ ചെയ്യുക നീ അലസത കൂടാതെ..."

എന്ന് നമ്മളെ ഓർമ്മിപ്പിച്ചുകൊണ്ട് നമ്മളിൽനിന്നും അവൻ വിടവാങ്ങി

ഞങ്ങളുടെ കണ്ണീരിലലിഞ്ഞ ആദരാഞ്ജലികൾ നേരുന്നു.

എന്ന്,

വിൻസെൻഷ്യൻ സഹോദരർ,

അയ്യന്തോൾ




# ഒരു ക്രിക്കറ്റ് ബോളിന്റെ മൗനനൊമ്പരങ്ങൾ

എന്റെ ആരാധകരേ, ഞാൻ ക്രിക്കറ്റ് ബോൾ, എന്റെ ജന്മസ്ഥലം ഇംഗ്ലണ്ടാണ്. ഗ്രൗണ്ടിൽ ഞാൻ ദീർഘദൂരം ഓടുമ്പോഴും കളിക്കാർ എന്നെ ചാടി പിടിക്കുമ്പോഴും ഗ്രൗണ്ടിലുണ്ടാകുന്ന ആരവം നിങ്ങൾക്കറിയാമല്ലോ. എന്നാൽ എന്റെ മൗനനൊമ്പരങ്ങൾ കൂട്ടുകാർക്കറിയില്ലല്ലോ. ബാറ്റ് കൊണ്ടുള്ള അടി കിട്ടി കിട്ടി ഞാൻ ഒരു പരുവമാകുമ്പോൾ എന്റെ തേങ്ങലുകൾ ആര് കേൾക്കും. സിക്സർ അടിക്കുമ്പോഴും ബൗണ്ടറിയിൽ ഞാൻ മുട്ടിയാലും എന്താ വിജയാഹ്ലാദം. ഇവിടെയാണെന്റെ ഹൃദയഭേദകമായ അവസ്ഥ. ഞാനല്ലെ ഇവിടത്തെ താരം. പക്ഷേ അവർ പൊക്കിക്കാണിക്കുന്നതോ എന്റെ ചേട്ടൻ ബാറ്റിനെ.

കുറവുകൾ മാത്രം പുലമ്പിയാൽ നിങ്ങൾക്ക് ബോറടിക്കില്ലേ. അതുകൊണ്ട് ഒന്നു രണ്ടു പ്ലസ് പോയിന്റ് കൂടെ പറയാം. നായകൻ ബൗൾ ചെയ്യുന്നതിനു മുൻപ് അങ്ങേരുടെ ജേഴ്സിയിൽ എന്നെ മിനുക്കുന്നതു നിങ്ങൾ ശ്രദ്ധിച്ചിട്ടുണ്ടോ? ആർക്കും കിട്ടാത്ത ആ തലോടൽ എനിക്കു മാത്രം സ്വന്തം. തണ്ടൂൽക്കർ അംഗിളൊക്കെ എന്നെ ചുംബിക്കുമ്പോൾ ഞാൻ പുളകമണിയാറുണ്ട്. പരസ്യങ്ങളിലും വിജയികൾക്കുള്ള സമ്മാനങ്ങളിലുമാണ് ഞാൻ പ്രത്യക്ഷപ്പെടുക. ആരെന്തു പറഞ്ഞാലും ഞാൻ തന്നെയാണ് കളിയിലെ ഹീറോ. ഞാൻ നീങ്ങാതിരുന്നാൽ അവർക്ക് പോയിന്റ് സീറോ.



കൂട്ടുകാരെ, എന്നെ നിങ്ങൾ വേദനിപ്പിച്ചാലും നിങ്ങളോടെനിക്ക് ഒരു പരിഭവവുമില്ല. എന്റെ കളി സീസൺ വന്നാൽ ഗ്രൗണ്ടുകളിലും, വീട്ടുമുറ്റത്തും എന്തിനേറെ വീടിനകത്തും എനിക്കായി ഓട്ടത്തോടോട്ടമല്ലെ.

**അഡ്രിൻ ബ്രൂസ്**
സെന്റ് തോമസ് യൂണിറ്റ്



# വിശ്വാസവഴിയിലെ സംശയങ്ങൾ

**സീറോ മലബാർ മതബോധന കമ്മീഷൻ പ്രസിദ്ധീകരണം**

യേശുവിനുശേഷം മരിച്ചവർ യേശുവിന് മുമ്പ് മരിച്ചവരെക്കാൾ ഭാഗ്യവാന്മാരാണോ? (യേശു മരിച്ചതിന് ശേഷമാണ് രക്ഷകിട്ടിയത് എന്ന് സൂചന). അക്രൈസ്തവരെപോലെ സത്പ്രവൃത്തികൾ ചെയ്തുകൊണ്ട് ക്രൈസ്തവർക്കും രക്ഷ നേടാനാകുമോ?

ഈശോയുടെ കുരിശുമരണത്തിനുമുമ്പ് മരിച്ചവരുടെയും ഈശോയുടെ കുരിശുമരണത്തിനുശേഷം ജീവിച്ച് മരിക്കുന്നവരുടെയും രക്ഷ ഉറപ്പുവരുത്താൻ കഴിയും. രണ്ടായിരം കൊല്ലങ്ങൾക്കുശേഷം ജീവിക്കുന്ന നമുക്ക് ഈശോയുടെ കുരിശുമരണത്തിന്റെ രക്ഷാകരഫലം അനുഭവിക്കാൻ കഴിയുമെങ്കിൽ സമാനമായ രീതിയിൽ ഈശോയുടെ കുരിശുമരണത്തിൽ 2000 അല്ലെങ്കിൽ 50000 വർഷം മുമ്പേ ജീവിച്ചിരുന്ന വ്യക്തികൾക്ക് കുരിശുമരണത്തിന്റെ രക്ഷ അനുഭവിക്കാൻ സാധിക്കും. അത് ദൈവം സ്ഥലകാലങ്ങൾക്ക് അതീതമായി രക്ഷയുടെ വരപ്രസാദത്തെ സർവ്വമനുഷ്യകുലത്തിനു സംലഭ്യമാക്കുന്ന ഒരത്ഭുതം അതായത് ആദാമിന്റെ കാലംമുതൽ അല്ലെങ്കിൽ ആദ്യം മരിച്ച ആബേലിന്റെ കാലംമുതൽ ഇന്നോളം മരിച്ച സർവ്വമനുഷ്യരും ഈശോയുടെ കുരിശുമരണത്തിന്റെ രക്ഷയിൽ പങ്കാളികളാകാൻ വിളിക്കപ്പെട്ടവരാണ് എന്നതാണ് അടിസ്ഥാനപരമായ സത്യം.

അതുകൊണ്ട് ഈശോയ്ക്ക് മുമ്പ് ജീവിച്ചിരുന്നവരും ഈശോയ്ക്ക്ശേഷം ജീവിച്ചിരുന്നവരും തമ്മിൽ രക്ഷയ്ക്കുള്ള അടിസ്ഥാനപരമായ വ്യത്യാസം എന്നു പറയുന്നത് ഈശോയ്ക്ക് ശേഷം ജീവിച്ചിരിക്കുന്നവർക്ക് രക്ഷാകര രഹസ്യത്തെയും ദൈവികവെളിപാടിനെയും അതിന്റെ പൂർണതയിൽ മനസിലാക്കാനും ഈശോ സ്ഥാപിച്ച കൂദാശകളുടെ ഫലം അനുഭവിച്ച് ജീവിക്കാനും ഭാഗ്യം ലഭിക്കുന്നു. അതിനാൽ, ഈശോയ്ക്ക് ശേഷം ജീവിച്ചിരുന്നവർ ഈശോയുടെ മനുഷ്യാവതാരത്തിന് മുമ്പ് ജീവിച്ചിരുന്നവരെക്കാളും ഭാഗ്യമുള്ളവരാണ് എന്നു പറയാൻ സാധിക്കും.

അക്രൈസ്തവരെപ്പോലെ സത്പ്രവൃത്തികൾ ചെയ്തുകൊണ്ട് ക്രൈസ്തവർക്കും രക്ഷനേടാനാകും. അതായത് അക്രൈസ്തവർക്കും ക്രൈസ്തവർക്കും രക്ഷ നേടുന്നതിന് ഒരുവഴിയേഉള്ളു.

ലോകത്തിന് ഒരേ ഒരു രക്ഷകനെ ഉള്ളു. അത് കർത്താവും രക്ഷകനുമായ യേശുക്രിസ്തുവാണ്. ആകാശത്തിനു കീഴെ മനുഷ്യരുടെയിടയിൽ നമുക്കു രക്ഷയ്ക്കുവേണ്ടി മറ്റൊരുനാമവും നൽകപ്പെട്ടിട്ടില്ല (അപ 4:12). ഈ വചനമാണ് നമ്മുടെ വിശ്വാസത്തിന്റെ അടിസ്ഥാനം. അതുകൊണ്ട് നമ്മുടെ വിശ്വാസത്തിന്റെയോ പുണ്യപ്രവൃത്തികളുടെയോ ബലത്തിലല്ല നമ്മൾ സ്വർഗ്ഗത്തിൽ പോകുക. അക്രൈസ്തവൻ ചെയ്യുന്ന പുണ്യപ്രവൃത്തികളുടെ ബലത്തിലാണ് അവൻ സ്വർഗത്തിൽ പോകുന്നത്. സ്വർഗത്തിൽ പോകുന്നതിന് ഈശോമിശിഹായുടെ കുരിശിലെ ബലിയുടെ വരപ്രസാദമല്ലാതെ മറ്റൊന്നും സഹായകമല്ല. എന്നാൽ ആ കുരിശിലെ ബലിയുടെ വരപ്രസാദം അനുഭവിച്ചാണ് ഒരു വ്യക്തി ജീവിക്കുന്നത് എന്നുള്ളതിന്റെ സാക്ഷ്യമാണ് ആ വ്യക്തിയുടെ ജീവിതത്തിലെ നന്മപ്രവൃത്തികൾ എന്നു തിരിച്ചറിയണം. ഈശോയുടെ കുരിശുമരണത്തിലൂടെ കൈവന്ന ദൈവവരപ്രസാദത്തിന്റെ യോഗ്യതയാലാണ് അക്രൈസ്തവനും രക്ഷപ്രാപിക്കുന്നത്. ക്രിസ്ത്യാനിക്ക് പ്രസ്തുത വരപ്രസാദം കൂദാശകളിലൂടെ സംലഭ്യനാക്കുന്ന ദൈവം ഇതേ വരപ്രസാദം അക്രൈസ്തവർക്ക് ദൈവത്തിനുമാത്രം അറിയാവുന്ന വഴികളിലൂടെ ദൈവം സംലഭ്യമാക്കുന്നു എന്നാണ് രണ്ടാം വത്തിക്കാൻ കൗൺസിൽ പഠിപ്പിക്കുന്നത്.

## ഇടവകയുടെ അഭിനന്ദനങ്ങൾ

FULL A 1 (CBSE)
PLUS II



**Niya Rose Wilson**
D/o Wilson & Finu Wilson
Kaiparambil House
St. Joseph Unit

# നിയമാവബോധം





**അഡ്വ. ജോമോൻ കുന്നത്ത്**
സെന്റ് സേവിയേഴ്സ് യൂണിറ്റ്

## കുടുംബവും കുടുംബകോടതിയും – നിയമം

വിവാഹ ബന്ധത്തെ കുറഇച്ചും വിവാഹബന്ധത്തിൽ ഏർപ്പെടുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങളെ കുറിച്ചും വിവാഹ ശേഷം ദമ്പതികൾ വേറിട്ട് താമസിക്കുമ്പോൾ ചിലവിന് കൊടുക്കേണ്ട ബാധ്യതയെ കുറിച്ചും മറ്റും നമ്മൾ ചർച്ച ചെയ്തു കഴിഞ്ഞു. ഇനി ഒരു വിവാഹബന്ധം മുന്നോട്ടു കൊണ്ടുപോകുവാൻ സാധിക്കാത്ത സ്ഥിതി ഉണ്ടായാൽ എന്താണ് പരിഹാരം എന്നുള്ളത് നോക്കാം.

വിവാഹബന്ധം യാതൊരു തരത്തിലും മുന്നോട്ടു കൊണ്ടുപോകുവാൻ സാധിക്കാത്ത സാഹചര്യമാണെങ്കിൽ സിവിൽ നിയമ പ്രകാരം ക്രിസ്ത്യാനികൾക്ക് രണ്ടു തരത്തിൽ ആ വിവാഹബന്ധം അവസാനിപ്പിക്കാം. ഒന്നാമതായി വിവാഹബന്ധം അസാധുവായി പ്രഖ്യാപിക്കുന്നതിനായി. കോടതിയെ സമീപിക്കാം.

ഏതെങ്കിലും ഒരു കക്ഷി വിവാഹ സമയത്തും കോടതിയിൽ ഹർജി കൊടുക്കുന്ന സമയത്തും ലൈംഗിക ശേഷിയില്ലാത്ത വ്യക്തിയാണെങ്കിൽ ആ കാര്യം വ്യക്തമായ തെളിവോടുകൂടി കോടതിയെ സോധ്യപ്പെടുത്തിയാൽ ആ വിവാഹ ബന്ധം കോടതി അസാധുവാക്കി പ്രഖ്യാപിക്കുന്നതാണ്. അതുപോലെ തന്നെ ഏതെങ്കിലും ഒരു കക്ഷി വിവാഹ സമയത്ത് കടുത്ത മാനസിക രോഗിയോ മന്ദബുദ്ധിയോ ആയിരുന്നെങ്കിലും വിവാഹം ബന്ധം കോടതി അസാധുവാക്കും. വിവാഹബന്ധം അസാധുവാക്കുന്നതിനുള്ള മറ്റൊരു കാരണം ഏതെങ്കിലും ഒരു കക്ഷി വിവാഹം നടക്കുന്ന സമയത്ത് വിവാഹിതനോ/ വിവാഹിതയോ ആയിരുന്നെങ്കിൽ, രണ്ടാമത് നടക്കുന്ന വിവാഹം നിയമസാധുതയില്ലാത്തതും, കോടതി ആ വിവാഹം അസാധുവായി പ്രഖ്യാപിക്കുന്നതുമാണ്. വിവാഹം അസാധുവാക്കുവാൻ ഉള്ള മറ്റൊരു പ്രധാന കാരണം, വിവാഹത്തിനായുള്ള ഏതെങ്കിലും ഒരു കക്ഷിയുടെ സമ്മതം ചതി പ്രയോഗത്തിലൂടെയോ ബലപ്രയോഗത്തിലൂടെയോ ആണ് നേടിയെടുത്തത് എന്നതാണ്. അക്കാര്യം കോടതിയെ തെളിവ് സഹിതം ബോധ്യപ്പെടുത്തിയാലും ആ ബന്ധം

# 44–ാം ചരമദിനം

## 12–08–2023



## തേറാട്ടിൽ കുരിയൻ ഭാര്യ

# ബേബി

ജനനം : 30–03–1939 മരണം : 30–06–2023

ദുഃഖാർത്തരായ കുടുംബാംഗങ്ങൾ
സെന്റ് തോമസ് യൂണിറ്റ്, അയ്യന്തോൾ

# 41–ാം ചരമദിനം

## 09–08–2023



### കൂനംപ്പാവ് അഗസ്റ്റിൻ മകൻ

# കെ. എ. ജോൺ

ജനനം : 22–06–1950 മരണം : 30–06–2023

പ്രാർത്ഥനാപൂർവ്വം

ഭാര്യ മേരി ജോൺ, മക്കൾ, മരുമക്കൾ, പേരക്കുട്ടികൾ

ഹോളി ഫാമലി യൂണിറ്റ്

# 20–ാം ചരമവാർഷികം

## 22.08.2023



# ടി. പി. വർഗ്ഗീസ്

## താണിക്കൽ ഹൗസ്

## പി. ഒ. അയ്യന്തോൾ, തൃശൂർ

ജനനം : 28.09.1947    മരണം : 22.08.2003

പ്രാർത്ഥനാപൂർവ്വം കുടുംബാംഗങ്ങൾ

സെന്റ് പീറ്റർ യൂണിറ്റ്



**Baptised on**
**22-07-2023**





## ERIC DAMIEN ROSHAN

S/o. Roshan Joy & Jissa P. Jose
Karerakkattil House
St. Alphonsa Unit


ജന്മദിനാശംസകൾ
07-08-2023
നമ്മുടെ പ്രിയപ്പെട്ട വികാരി
റവ. ഫാ. ജെയ്സൻ പുന്നശ്ശേരിയ്ക്ക്
ഇടവകാംഗങ്ങളുടെ
ജന്മദിനാശംസകൾ

# വേർപാടിന്റെ പത്താം വർഷം

## 27.08.2023



# ചിരിയങ്കണ്ടത്ത് തോമ ജോസ്

(സി. ടി. ജോസ്)

അയ്യന്തോൾ, തൃശൂർ

ജനനം : 26.09.1944 മരണം : 27.08.2013

പ്രാർത്ഥനാപൂർവ്വം
ഭാര്യ : മേരി ജോസ്
മക്കൾ, മരുമക്കൾ, പേരക്കുട്ടികൾ

സെന്റ് ജോസഫ് യൂണിറ്റ്




Chavara Matrimony.com
Connecting Hearts

Chavara Family Welfare Centre
സി.എം.ഐ വൈദികർ നേതൃത്വം നൽകുന്നു
H.O Chavara Cultural Centre, Kochi
99 6174 44 44 · 0484 40 80 333 · 1800 103 4080

Thrissur :
999 5777 576
29 Branches in Kerala, Bangalore, Coimbatore, Mumbai & Delhi

# എന്റെ പിതാവിന്റെ ഭവനത്തിൽ 1-ാം പിറന്നാൾ

## 25-08-2023



## നായങ്കര (ചാണ്ടി) ആന്റണി ഭാര്യ

# ഷൈനി

ജനനം : 08-05-1977 മരണം: 25-08-2022

സ്നേഹസ്മരണകളോടെ
കുടുംബാംഗങ്ങൾ

സെന്റ് മേരീസ് യൂണിറ്റ്

കോടതി അസാധുവായി പ്രഖ്യാപിക്കുന്നതാണ്.

പലപ്പോവും അരമന കോടതിയിൽ നിന്നും വിവാഹബന്ധം അസാധുവാക്കി വാങ്ങി. സിവിൽ കോടതിയി മുഖാന്തിരം വിവാഹബന്ധം വേർപ്പെടുത്താതെ/ അസാധുവാക്കാതെ പുനർവിവാഹം നടത്തുന്ന ഒരു പ്രവണത കുറെ കാലം മുൻപ് ഉണ്ടായിരുന്നു. അങ്ങനെ നടത്തുന്ന വിവാഹം നിയമവിരുദ്ധമാണ്. അരമന കോടതിയിൽ നിന്നും വിവാഹ അസാധുവാക്കി ലഭിച്ചാലും സിവിൽ കോടതിയിൽ നിന്നും വിവാഹബന്ധം അസാധുവാക്കിയോ അഥവാ അത് വേർപ്പെടുത്തിയോ ഒരു വിധി ലഭിക്കാതെ മറ്റൊരു വിവാഹം കഴിക്കുവാൻ ആർക്കും അവകാശം ഇല്ലാത്തതാണ് എന്ന് മാത്രമല്ല ആയത് ഇന്ത്യൻ ശിക്ഷാ നിയമ പ്രകാരം കുറ്റകരവും ശിക്ഷാർഹവും ആണ്.

എന്തൊക്കെ കാരണങ്ങളാണ് വിവാഹ മോചനം അനുവദിക്കുന്നതിന് കോടതി നിഷ്കർഷിക്കുന്നത് എന്ന് നമുക്ക് അടുത്ത തവണ ചർച്ച് ചെയ്യാം.

---

***04-12-2022 ന് ഇടവകതലത്തിൽ പാരിഷ് ബുള്ളറ്റിന്റെയും കേന്ദ്ര കുടുംബ കൂട്ടായ്മ സമിതിയുടെയും ആഭിമുഖ്യത്തിൽ നടത്തിയ സാഹിത്യ മത്സരങ്ങളിൽ 50 വയസ്സു മുകളിലുള്ള വിഭാഗത്തിൽ രണ്ടാം സ്ഥാനം കരസ്ഥമാക്കിയ കവിത.***

# ക്രിസ്തുമസ്

***- ലോലിത ആന്റണി***
***സെ. പീറ്റർ യൂണിറ്റ്***

ആറടിമണ്ണിൽ ഞാനുറങ്ങിടവേ ഒരു കുഞ്ഞു
മൺചിരാതേന്തി എന്നു നീ വന്നിടുമെൻ ഉണ്ണീശോയേ!
നീ ഉറങ്ങുന്ന പുൽ കൂടുമില്ല, നിനക്കു കാവലായ്
താരകവുമില്ല, മാലാഖവൃന്ദവുമില്ല, ആട്ടിടയനുമില്ലെന്നീശ്ശോയേ!
അടക്കിപിടിച്ചൊന്നുഞാൻ പതിയേയിവിടേ തേങ്ങുമ്പോൾ
ഒരു സ്നേഹതൂവലായ് നീ അണയുമോ എന്നീശോയേ?
ഇരുൾ മൂടുമീ വിജനമാം വീഥികളിൽ സ്നേഹമെന്ന
പാഥേയമാകാൻ നീയെന്നണയുമെന്നീശോയേ!
നിനക്കുസ്തുതിപാടാൻ എന്നധരത്തിനു മാധുര്യമില്ല
നിനക്കായ് കിന്നരം മീട്ടാൻ എൻ കരാഗാഗുലി ഉണരുന്നുമില്ല
എനിക്കുചുറ്റും തപ്പുമേളങ്ങളുണരുന്ന
തണുത്തുറഞ്ഞ മരവിച്ച മണ്ണിൽ തപിക്കുന്ന മനസ്സോടെന്തിനും
മരണത്തിൽ കൈയ്യൊപ്പുചാർത്തിയെൻ മൂർദ്ധാവിലൊന്നു
മൃദുചുംബനമേകി തഴുകി തലോടാൻ അണയുമോ നീ ഉണ്ണീശോയേ!

*04-12-2022 ന് ഇടവകതലത്തിൽ പാരീഷ് ബുള്ളറ്റിന്റെയും കേന്ദ്ര കുടുംബ കൂട്ടായ്മ സമിതിയുടെയും ആഭിമുഖ്യത്തിൽ നടത്തിയ സാഹിത്യ മത്സരങ്ങളിൽ 30 മുതൽ 50 വയസ്സു മുകളിലുള്ള വിഭാഗത്തിൽ രണ്ടാം സ്ഥാനം കരസ്ഥമാക്കിയ. ഉപന്യാസം*

# കുടുംബം എന്റെ കാഴ്ചപ്പാടിൽ

*- ശോഭന തോമാസ് പോൾ, സെ. ജോസഫ് യൂണിറ്റ്*

കുടുംബം എന്ന സങ്കല്പത്തിനെക്കുറിച്ച് ഒരുപാട് പ്രാസംഗികരും എഴുത്തുകാരും പരാമർശിച്ച് നമ്മൾ കേട്ടിട്ടുണ്ട്. ഏറ്റവും ലളിതമായ ഭാഷയിൽ പറയാറുണ്ട് 'കൂടുമ്പോൾ ഇമ്പം ഉള്ളതാണ് കുടുംബം!

എങ്കിൽ ഇമ്പം എന്ന വാക്ക് കൊണ്ട് ഉദ്ദേശിക്കുന്നത് എന്താണ്. സാധാരണ നാമെല്ലാവരും തന്നെ 'ഇമ്പം' എന്ന വാക്ക് ഉപയോഗിക്കാറ് പാട്ടിനെ സംബന്ധിച്ചാണ്. കേൾക്കാൻ നല്ല ഇമ്പം ഉള്ള ഗാനം എന്ന് എല്ലാവരും പറയാറുണ്ട്. ഒരു ഗാനത്തിന് ആവശ്യമായ എല്ലാ വാദ്യ ഉപകരണങ്ങളും അതിന്റെ താളാത്മകതയിൽ ഗായക/ഗായികയോടൊപ്പം യോജിക്കുമ്പോഴാണ് ഒരു ഗാനത്തിന് ഇമ്പം വരുന്നത്. ഇത് തന്നെയാണ് ഒരു കുടുംബത്തിലും സംഭവിക്കേണ്ടത്.

അപ്പൻ, അമ്മ, കുട്ടികൾ, പ്രായമായ മാതാപിതാക്കൾ എന്നിവർ അടങ്ങുന്ന ഒരു ഗായകസംഘമാകണം കുടുംബം, അപ്പാപ്പനും അമ്മാമ്മയും മക്കളും മരുമക്കളും പേരക്കുട്ടികളും അടങ്ങുന്ന സന്തുഷ്ടകുടുംബത്തിലെ ഈ ഒരു ഇമ്പം സാധ്യമാകു. ഇന്നത്തെ കുടുംബങ്ങളിൽ എത്രമാത്രം ഈ ഇമ്പം സാധ്യമാകുന്നുണ്ട്. പ്രായമായ മാതാപിതാക്കളെ സംരക്ഷിക്കാനോ, പരിപാലിക്കാനോ സമയവും സന്നദ്ധതയും ഇല്ലാത്ത ഒരു സാമൂഹ്യപശ്ചാത്തലമാണ് എവിടേയും കാണുന്നത്. കൂട്ടുകുടുംബ വ്യവസ്ഥിയിൽ നിന്ന് അണുകുടുംബങ്ങളിലേക്കുള്ള പ്രയാണത്തിൽ കുടുംബ ബന്ധങ്ങളിൽ വലിയ വിള്ളലുകൾ സംഭവിച്ചിട്ടുണ്ട്. കുട്ടികളുടെ എണ്ണത്തിലുള്ള കുറവ്, കുട്ടികളെ സ്വാർത്ഥത എന്ന വലിയ വിപത്തിലേക്ക് എത്തിച്ചിട്ടുണ്ട്. പങ്കുവയ്ക്കലും കരുതലും കുടുംബങ്ങളിൽ നിന്ന് പഠിക്കാൻ ഇന്നത്തെ കുട്ടികൾക്ക് അവസരങ്ങളില്ല. ഒന്ന് ചോദിച്ചാൽ പത്ത് വാങ്ങി കൊടുക്കുന്ന സംസ്കാരം കുട്ടികളെ സാമൂഹ്യപ്രതിബദ്ധത ഇല്ലാത്തവരായി വളർത്തുന്നു. പൈസയുടെ മൂല്യവും ബുദ്ധിമുട്ടും അറിയിക്കാതെ വളർത്തിയ കുട്ടികൾ നാളെ കുടുംബത്തിനും സമൂഹത്തിനും ബാധ്യതയായി തീരുമെന്ന കാര്യത്തിൽ സംശയമില്ല.

വീട്ടിലെ കാര്യങ്ങളിൽ എല്ലാംതന്നെ അപ്പനും അമ്മയും മക്കളും ഒരുമിച്ചിരുന്ന് ആലോചിക്കുകയും തീരുമാനങ്ങൾ എടുക്കുകയും വേണം. എല്ലാവരും ഒന്നിച്ച് കുടുംബപ്രാർത്ഥന നടത്തുകയും വൈകുന്നേരമെങ്കിലും ഒന്നിച്ചിരുന്ന് ആഹാരം കഴിക്കുകയും വേണം. അപ്പൻ അമ്മക്കും അമ്മ അപ്പനും വേണ്ടത്ര ബഹുമാനം

കൊടുത്ത് പരസ്പരം ഉള്ള അഭിപ്രായങ്ങളെ മാനിക്കുകയും ചെയ്ത് ഒരു മനസ്സായി മുന്നോട്ട് പോകുന്ന കുടുംബങ്ങളിൽ മക്കളും വൈകാരികമായി പക്വത ഉള്ള വരായിരിക്കും. പ്രായമായ മാതാപിതാക്കളെ സ്നേഹത്തോടെ പരിപാലിക്കുന്ന കുടുംബങ്ങളിലെ കുട്ടികൾ മുതിർന്നവരെ സ്നേഹിക്കാനും ബഹുമാനി ക്കാനും പഠിക്കും. എല്ലാ കാര്യങ്ങളും ചർച്ചാവിഷയമാക്കുകയും കൂട്ടുകാരെ പോലെ പെരുമാറുകയും ചെയ്യുന്ന മാതാപിതാക്കളോട് കുട്ടികളും സ്നേഹവും അടുപ്പവും കാണിക്കും. സന്തോഷവും സ്നേഹവും പങ്കുവെയ്ക്കപ്പെടുന്ന കുടുംബങ്ങളിലെ കുട്ടികൾ പുറമെ പോയി മറ്റ് സംവിധാനങ്ങളിലൂടെ സന്തോഷം കണ്ടെത്താൻ ശ്രമി ക്കില്ല. ഒരു സുന്ദരമായ ഗാനം ആസ്വദിക്കുന്നതുപോലെ ഇമ്പമുള്ള ഒരു സംവിധാന മാണ് എല്ലാവരും ആഗ്രഹിക്കുന്ന കുടുംബം.

---

***04-12-2022 ന് ഇടവകതലത്തിൽ പാരീഷ് ബുള്ളറ്റിന്റെയും കേന്ദ്ര കുടുംബ കൂട്ടായ്മ സമിതിയുടെയും ആഭിമുഖ്യത്തിൽ നടത്തിയ സാഹിത്യ മത്സരങ്ങളിൽ 30 മുതൽ 50 വയസ്സു മുകളിലുള്ള വിഭാഗത്തിൽ രണ്ടാം സ്ഥാനം കരസ്ഥമാക്കിയ. ചെറുകഥ***

# സ്നേഹം

***- ശോഭന തോമാസ് പോൾ, സെ. ജോസഫ് യൂണിറ്റ്***

ഇനി ഒരിക്കലും വീട്ടിലേക്ക് തിരിച്ച് വരില്ല എന്ന് ഉറച്ച തീരുമാനത്തിലാണ് പ്രിയങ്ക അന്ന് വീട് വിട്ടത്. വല്ലാത്ത ഒരു അസ്വസ്ഥത അവളെ ആകെ പിടിച്ചുല യ്ക്കുന്നുണ്ടായിരുന്നു. എന്താണ് തന്നെ ഇത്രമാത്രം വിഷമിപ്പിക്കുന്നതെന്ന് അവൾ ചിന്തിക്കാതിരുന്നില്ല. കോളേജ് കഴിഞ്ഞ് വീട്ടിലെത്തിയാൽ ഒരു സ്വകാര്യതയും ഇല്ല. പുറകേ നടന്ന് നൂറായിരം ചോദ്യങ്ങൾ ചോദിച്ച് കൊണ്ട് അമ്മ വരും. എന്തിനാണ് ഇവർ ഇങ്ങനെ തന്റെ കാര്യത്തിൽ ഉത്സുകത കാണിക്കുന്നത് എന്ന് ഒരു വെറുപ്പോടെ മാത്രമേ ചിന്തിക്കാൻ സാധിക്കുന്നുള്ളൂ. സനലുമായിട്ടുള്ള ബന്ധം അപ്പനും അമ്മ യ്ക്കും നന്നായി അറിയാം. എങ്കിലും അത് എത്രത്തോളം വളർന്നിട്ടുണ്ട് എന്ന് അവർ മനസ്സിലാക്കിയിട്ടുണ്ടോ എന്നറിയില്ല. കഴിഞ്ഞദിവസവും രാത്രി, സനലുമായി സംസാരിച്ചിരിക്കുമ്പോൾ അമ്മ വിളിച്ചു "പ്രിയങ്ക, പ്രാർത്ഥനയ്ക്ക് സമയമായി. പെട്ടെന്ന് മേല് കഴുകി വാ'. ശല്യമായല്ലോ ഇത്. ഒന്ന് സ്വസ്ഥമായി സംസാരിക്കാനും സമ്മതിക്കില്ല. ഇവരൊക്കെ ഏത് യുഗത്തിൽ ജനിച്ചവരാണോ ആവോ. ഇന്നത്തെ

യുവതലമുറയെ ഒരു തരത്തിലും മനസ്സിലാക്കാൻ കഴിവില്ലാത്ത മാതാപിതാക്കൾ. ഈ സാഹചര്യത്തിൽ നിന്ന് എങ്ങനെയെങ്കിലും ഒന്ന് രക്ഷപ്പെടാൻ കഴിഞ്ഞിരുന്നെങ്കിൽ എന്ന് പലപ്പോഴും ചിന്തിച്ചിട്ടുണ്ട്. മാതാപിതാക്കൾക്ക് മക്കളോട് ഭയങ്കര സ്നേഹമാണ് എന്നാണ് ഓർമ്മവച്ച നാൾ മുതൽ കേട്ട് വളർന്നത്. പക്ഷെ തന്റെ ജീവിതത്തിൽ ഇന്നുവരെ അത് അനുഭവിക്കാൻ തനിക്ക് സാധിച്ചിട്ടില്ല എന്ന് പ്രിയങ്ക വ്യസനത്തോടെ ആലോചിച്ചു. ഇന്ന് സനലിനെ കാണുമ്പോൾ വിശദമായി സംസാരിച്ചു തീരുമാനം എടുക്കണം. ഈ നശിച്ച സംസ്കാരത്തിൽ നിന്ന്, ഈ സമൂഹത്തിന്റെ സംശയദൃഷ്ടികളിൽ നിന്ന് എവിടേക്കെങ്കിലും ഒന്ന് ഒളിച്ച് പോകണം. ജീവിതത്തിൽ ഇനിയെങ്കിലും കുറച്ച് സ്വാതന്ത്ര്യത്തോടെ, സമാധാനത്തോടെ, സന്തോഷത്തോടെ ജീവിക്കണം. അപ്പനാണെങ്കിൽ ജോലി സംബന്ധിച്ചുള്ള ടെൻഷൻ ആണ് വീട്ടിൽ വന്നാലും. ആരോടും സംസാരിക്കാനോ ഒന്ന് കൂടാനോ ഒരു താത്പര്യവും ഇല്ല. അമ്മയ്ക്കാണെങ്കിൽ രാവിലെ മുതൽ വൈകീട്ട് വരെ അടുക്കള ജോലിയും. ഇതിനിടയിൽ ശ്വാസം മുട്ടി ഞങ്ങൾ രണ്ട് മക്കൾ. അനുജനാണെങ്കിൽ ഹോസ്റ്റലിൽ നിന്ന് പഠിക്കുന്നതുകൊണ്ട്, അവന് ഇതൊന്നും അറിയണ്ട. ഈ അപ്പനും അമ്മക്കും വിചാരം നമ്മുക്ക് ഭക്ഷണവും, വസ്ത്രവും, ഫീസും തന്നാൽ എല്ലാമായി എന്നാണ്. ജീവിതത്തിൽ ഒരിക്കലും സ്നേഹത്തിന്റെ ഒരു തലോടൽ, ഒരു സ്വാന്തനം അനുഭവിച്ചനാൾ ഓർക്കുന്നില്ല. കോളേജ് കഴിഞ്ഞതും സനലിനെ വിളിച്ചു. എനിക്ക് അത്യാവശ്യമായി ഒന്നു കാണണം എന്ന് പറഞ്ഞു. സനൽ വളരെ സന്തോഷത്തോടെയാണ് അന്ന് ഓടി വന്നത്. അവന് അത്യധികം സന്തോഷത്തോടെ പറഞ്ഞു എന്റെ ചേച്ചി പ്രസവിച്ചു ആൺകുട്ടി. ഞാൻ അവിടെ പോകാൻ നിൽക്കുകയാണ്. നീയും കൂടി വരുന്നോ, സനൽ ചോദിച്ചു. മനമില്ലാമനസ്സോടെ അവന്റെ കൂടെ പ്പോയി. സനലിന്റെ അമ്മ എല്ലാവർക്കും മധുരം കൊടുത്ത് കൊണ്ട് ആശുപത്രി മുറിയിൽ പ്രസന്നവദനയായി നിൽക്കുന്നു. സനലിന്റെ ചേച്ചിയുടെ മുഖത്ത് ഒരു പുതുജീവന് ജന്മം നൽകിയ സന്തോഷവും, സംതൃപ്തിയും ഉണ്ട്. ചേച്ചി പറഞ്ഞു 'പ്രിയങ്ക, ഞാൻ ഗർഭാവസ്ഥയിൽ ആയിരുന്നപ്പോഴാണ് എന്റെ മാതാപിതാക്കളുടെ സ്നേഹത്തെക്കുറിച്ച് ഏറ്റവും തിരിച്ചറിഞ്ഞത്. ഞാൻ ഗർഭിണിയാണ് എന്നറിഞ്ഞതു മുതൽ എന്റെ കുഞ്ഞിനെ സ്നേഹിക്കാൻ തുടങ്ങിയതാണ്. ഒരു വ്യക്തിയുടെ മുഖം കാണുന്നതിന് മുൻപ് സ്നേഹിക്കാൻ മാതാപിതാക്കൾക്ക് മാത്രമേ കഴിയൂ. പ്രിയങ്കയുടെ ജീവിതത്തിലെ വലിയ തിരിച്ചറിവായിരുന്നു അത്!




**പാഠ്യഭാഗം – ജോഷ്വ 13 – 24, പ്രഭാഷകൻ 27–33, വി. ലൂക്ക 1–8, 2 കോറിന്തോസ് 1–6**

1. കാലെബിന്റെ മകളുടെ പേര് /
2. കർത്താവ് ഏത് ഭവനത്തോട് ചെയ്ത വാഗ്ദാനമാണ് ഒന്നൊഴിയാതെ എല്ലാം നിറവേറിയത്?
3. ഉപയോഗശൂന്യമായവ അരിപ്പയിൽ ശേഷിക്കുന്നതുപോലെ മനുഷ്യന്റെ ചിന്തയിൽ എന്താണ് തങ്ങി നിൽക്കുന്നത്?
4. ...................... കളിമണ്ണ് പോലെയാണ് സ്രഷ്ടാവിന്റെ കൈയിൽ മനുഷ്യർ.
5. ജാമ്യക്കാരന്റെ ഐശ്വര്യം നശിപ്പിക്കുന്നത് ആര്?
6. എന്റെ കർത്താവിന്റെ അമ്മ എന്റെ അടുത്തുവരാനുള്ള ഈ ഭാഗ്യം എനിക്ക് എവിടെ നിന്ന്? അദ്ധ്യായം, വാക്യം?
7. എന്തു ശ്രവിക്കാനാണ് ജനങ്ങൾ യേശുവിനു ചുറ്റം തിങ്ങികൂടിയത്?
8. എന്തിന്റെ നിറവിൽ നിന്നാണ് അധരം സംസാരിക്കുന്നത്?
9. രക്ഷിക്കപ്പെടുന്നവരുടെയിടയിലും ശിക്ഷിക്കപ്പെടുന്നവരുടെയിടയിലും ഞങ്ങൾ ദൈവത്തിനു എന്താണെന്നാണ് പലോസ് ശ്ലീഹ പറയുന്നത്?
10. നമ്മൾ ജീവിക്കുന്ന ദൈവത്തിന്റെ................ ആണ്.

## 2023 ജൂലൈ – ലോഗോസ് ക്വിസ് ഉത്തരങ്ങൾ

**ഏശയ്യാ 41 – 66 വരെ**

1. ഹിൽക്കിയ
2. യൂദാരാജാവായ ആമോന്റെ മകൻ ജോസിയായുടെ വാഴ്ചയുടെ പതിമൂന്നാം വർഷം
3. ബദാംമരം
4. ഇസ്രായേൽ ജനം
5. ജറുസലെം
6. കിണറ്റിൽ പുതുവെള്ളം നിറയുന്നതുപോലെ
7. ഇസ്രായേൽഭവനം മുഴുവൻ
8. കർത്താവ്
9. ഇസ്രായേൽ ഭവനവും യൂദാഭവനവും
10. മോശയും സാമുവലും

## ജൂലൈ 2023 ശരിയുത്തരം അയച്ചവർ

1.ലൂസി (സെന്റ് സേവ്യർ), 2. മേരി രാജു (സെന്റ്. സേവ്യർ ), 3. ജോസഫീന (സെന്റ് മേരീസ് ), 4. റോസി ജോസ് (സെന്റ്. സേവ്യർ ), 5. മേരി വിൽസൻ (സെന്റ് പീറ്റർ), 6. വിനിഷ ജോജോ (സെന്റ് പീറ്റർ), 7. ആർദ്ര ( സെന്റ്. പീറ്റർ), 8. സിസിലി (സെന്റ് ജോസഫ്)

## ജൂലൈ മാസം ബൈബിൾ ക്വിസ് വിജയി

സിസിലി (സെന്റ് ജോസഫ്)

# മണിപ്പൂരിലെ കലാപങ്ങൾക്ക് അറുതി വരുത്തണം

മണിപ്പൂരിൽ രണ്ടു മാസത്തിൽ അധികമായി തുടരുന്ന കലാപങ്ങൾക്ക് അറുതി വരുത്തണമെന്ന് കത്തോലിക്ക കോൺഗ്രസ് അയ്യന്തോൾ ഇടവക യൂണിറ്റ് ആവശ്യപ്പെട്ടു. നൂറു കണക്കിന് പേർ കൊല്ലപ്പെടുകയും, മുന്നൂറോളം ദേവാലയങ്ങൾ നശിപ്പിക്കുകയും, പതിനായിരങ്ങൾ ഭവന രഹിതർ ആയിട്ടും മണിപ്പൂർ വിഷയത്തിൽ പ്രധാന മന്ത്രി ശക്തമായ നടപടി സ്വീകരിക്കാത്തത്തിൽ യോഗം പ്രതിഷേധം രേഖപെടുത്തി.




ഡയറക്ടർഫാജെയ്സൺപുന്നശ്ശേരിയോഗംഉദ്ഘാടനംചെയ്തു. കത്തോലിക്ക കോൺഗ്രസ് പ്രസിഡന്റ് ജെയിംസ് മുട്ടിക്കൽ അധ്യക്ഷത വഹിച്ചു. സെക്രട്ടറി ടോണി തരകൻ, ട്രഷറർ സജീഷ് പനക്കൽ, ജോസഫ് കോടങ്കണ്ടത്, ബൈജു പുളിക്കൻ, ഡേവിസ് അറക്കപ്പാടൻ എന്നിവർ സംസാരിച്ചു.

കത്തോലിക്ക കോൺഗ്രസ് സമർപ്പിക്കുന്ന ബീമഹർജിയിലേക്ക് ജൂലൈ 9 ന് ഒപ്പ് ശേഖരണം നടത്തി.

**ടോണി തരകൻ,**
സെക്രട്ടറി




കടപ്പാട് : **ഡോ. എം.എസ്. ഷബീർ**
orthopedic surgeon

# എന്താണ് സന്ധിവേദനയ്ക്കുള്ള കാരണങ്ങൾ?



വളരെ വിശാലമായി പറഞ്ഞാൽ രണ്ട് കാരണങ്ങൾ ആണ് സന്ധിവേദനയുണ്ടാക്കുന്നത്. ഒന്നാമതായി പലതരത്തിലുള്ള പരിക്കുകൾ, ചതവുകൾ, ഒടിവുകൾ. രണ്ടാമത്തെ വിഭാഗത്തിൽ തേയ്മാനം, കാൻസർ, അണുബാധ തുടങ്ങിയവയും വരും. അഥവാ ട്രമാറ്റിക് (traumatic), എട്രാമാറ്റിക് എന്നിങ്ങനെ രണ്ടായി വിഭജിക്കാം.

പ്രായഭേദമനുസരിച്ചും സന്ധിവേദനകളിൽ പല കാരണങ്ങളും നമുക്ക് കാണാൻ കഴിയും. ഉദാഹരണത്തിന് ഇടുപ്പ് സന്ധിയിൽ വരുന്ന രോഗങ്ങൾ പ്രായത്തിനനുസരിച്ച് മാറുന്നു. വളരെ ചെറിയ കുട്ടികളിൽ വരുന്ന ഇടുപ്പ് സന്ധി രോഗങ്ങൾ സൈനോവൈറ്റിസ്, കഞ്ചനിറ്റൽ സിഡ്ലൊക്കേഷൻ എന്നിങ്ങനെയുള്ളതാണ്.പിന്നീട് പെർത്തിസ് ഡിസീസ്, റ്റുബർകുലോസിസ് (ക്ഷയം), സ്ലിപ് എന്നിങ്ങനെയുള്ള രോഗങ്ങളാണ് കാണുന്നത്. പ്രായപൂർത്തിയായതിനുശേഷം വരുന്ന അസുഖങ്ങൾ വേറെ ചിലതാണ്. പ്രായമായ സ്ത്രീകളിൽ സന്ധിവേദനയുടെ പ്രധാന കാരണം അസ്ഥി ബലക്ഷയം അഥവാ ഓസ്റ്റിയോപൊറോസിസ് ആണ്.

***സന്ധിവേദനയുടെ ചികിത്സാരീതികൾ എന്തൊക്കെയാണ്?***

സന്ധിവേദനയുടെ ചികിത്സ ഓരോരോ കാരണങ്ങളനുസരിച്ച് മാറും. അതായത് രോഗനിർണ്ണയമെന്താണെന്നനുസരിച്ച് ചികിത്സാവിധികളും മാറും. ഉദാഹരണത്തിന് തണ്ടൽവേദന അഥവാ നടുവേദനയ്ക്കുള്ള കാരണങ്ങൾ പലതാണ്. പ്രധാനപ്പെട്ട ചില കാരണങ്ങൾ പറയുകയാണെങ്കിൽ:

ഇന്റർവെർട്ടിബ്രൽ ഡിസ്ക് പ്രൊലാപ്സ്

സ്പോണ്ടെലോസിസ്

ഓസ്റ്റിയോപൊറോസിസ്

സ്പോണ്ടെലോലിസ്തെസസ്

ആങ്കേലോസിംഗ് സ്പോണ്ടെലൈറ്റിസ് എന്നിവയാണ്.

ആദ്യമായി രോഗനിർണയം നടത്തണം. അതിന് എക്സ്റേ, സ്കാൻ തുടങ്ങിയ മാർഗ്ഗങ്ങൾ സ്വീകരിക്കാം.

ഇപ്പോൾ ഓസ്റ്റിയോ പൊറോസിസ് ആണ് കാരണമെങ്കിൽ എല്ലുകളിലെ കാൽസ്യം അളവ് കൂട്ടുന്നതിനുവേണ്ടിയുള്ള മരുന്നുകൾ കൊടുക്കാം. കാൽസ്യം അളവ് കൂടുതലുള്ള ഭക്ഷണവും പ്രധാനമാണ്.

ഇന്റർവെർട്ടിബ്രൽ ഡിസ്ക് പ്രൊലാപ്സ് ആണ് കാരണമെങ്കിൽ അതിന്റെ തീവ്രത അനുസരിച്ച് ചികിത്സ മാറും. ആ ഗ്രേഡ് അറിയുന്നത് സ്കാനിംഗിലൂടെയാണ്. എം.ആർ.ഐ സ്കാനിൽ ഡിസ്കിന്റെ തെറ്റൽ നാലായി തരംതിരിക്കാം.

1. ബൾജ് - തള്ളൽ
2. പ്രൊലാപ്സ് - പുറത്തേക്ക് വരൽ
3. എക്സ്ട്രൂഷൻ - സ്ഥാനചലനം
4. സെക്വസ്ട്രേഷൻ

ആദ്യ ഗ്രേഡുകളിൽ വേദനസംഹാരികളും ജീവിതശൈലി മാറ്റവും മതിയാവും. ഭാരം കൂടുതൽ എടുക്കാതിരിക്കുക, നടുവ് കുനിഞ്ഞുള്ള ജോലികൾ ഒഴിവാക്കുക തുടങ്ങിയവയാണവ. അടുത്ത സ്റ്റേജിലൊക്കെ നടുവിന് സപ്പോർട്ടു കൊടുക്കുവാനുള്ള ബെൽറ്റ്, കോർസറ്റ് തുടങ്ങിയവ സ്വീകരിക്കാം. വളരെ കൂടിയ സ്റ്റേജുകളിൽ ട്രാക്ഷൻ അഥവാ ഭാരം ഇട്ട് അഡ്മിറ്റാക്കുക, എപ്പിഡുറൽ ഇൻജക്ഷൻ തുടങ്ങിയവയാണ് ചികിത്സാമാർഗ്ഗങ്ങൾ. ഇതിലൊന്നും കുറയാത്ത ഘട്ടത്തിൽ ശസ്ത്രക്രിയയിലൂടെ ഈ ഡിസ്ക് എടുത്തുമാറ്റുന്ന ചികിത്സയാണ് ചെയ്യുന്നത്.

# MASS OF REMEMBRANCE
## 19-08-2023

**23rd Death Anniversary**



**T.M. LONAPPAN**

**Retd Exe. Officer, TDCB**

S/o. Vylathur Thalakkoden Mathew

**Born : 30-12-1930**
**Died : 22-08-2000**



**59th Day of Demise**



**ANNIE LONAPPAN**

W/o. Late. T.M. Lonappan
Vylathur Thalakkoden

**Born : 09-06-1941**
**Died : 22-06-2023**

*With Prayers*

Daughter : Sobhana Lonappan
Son in law : Adv. Thomas Paul P.P.
Grand Children : Jefferson Paul & Diana Judith

**JORLINE JOSHY**
*Proprietor*

9544962005
Ph: 9446464279

നിങ്ങൾക്കിഷ്ടപ്പെട്ട
തുണിത്തരങ്ങൾ
മിതമായ വിലയ്ക്ക്
നേടാൻ സമീപിക്കൂ...

*fortune fashion*
FOR MEN, WOMEN & KIDS

*Gents*
*Ladies*
*&*
*Kids*

**I. K. ARCADE, AYYANTHOLE GROUND, THRISSUR**

# പാവപ്പെട്ട ക്ലാരമാർ



"പാവപ്പെട്ട സ്ത്രീകളുടെ സഭ" എന്ന സന്യാസിനി സമൂഹത്തിന് രൂപം നൽകിയത് വി. ക്ലാരയാണ്. വിശുദ്ധയുടെ മരണശേഷം അവർ സ്ഥാപിച്ച സന്യാസിനി സമൂഹം അവളുടെ ബഹുമാനാർത്ഥം 'വി. ക്ലാരയുടെ സഭ" എന്നു നാമകരണം ചെയ്തു. ഇപ്പോൾ ആ സമൂഹം "പാവപ്പെട്ട ക്ലാരമാർ" എന്നാണറിയപ്പെടുന്നത്. ദാരിദ്ര്യമായിരുന്നു അവരുടെ ജീവിതത്തിന്റെ അടിസ്ഥാനം. പരിപൂർണ്ണ ദാരിദ്ര്യത്തിന്റേതായ ജീവിത നയിച്ച ആദ്യത്തെ സന്യസ്തയായിരുന്നു വി. ക്ലാര

വി. ഫ്രാൻസിസ് അസീസ്സിയുടെ മാതൃകയെ അനുകരിച്ചുകൊണ്ട് അവൾ തന്റെ സമ്പാദ്യമെല്ലാം പാവങ്ങൾക്കു കൊടുത്തു. വി. ഫ്രാൻസിസ് തന്നെയാണ് വിശുദ്ധയുടെ മുടി മുറിച്ച് സഭാവസ്ത്രം നൽകിയത്. പിന്നീട് ഒരു സന്യാസിനി സമൂഹത്തിന് രൂപം നൽകി, സുപ്പീരിയർ ആയി പ്രവർത്തിച്ചു. ഇന്നസെന്റ് നാലാമൻ പാപ്പായുടെ അനുവാദത്തോടെ പരിപൂർദാരിദ്ര്യത്തിന്റെ ജീവിതം ആ സന്യാസി സമൂഹം നയിച്ചു. 1194 ജൂലൈ 16ന് അസീസ്സിയിലാണ് ക്ലാര ജനിച്ചത്.

ഒരിക്കൽ സാരസെൻ ആക്രമണകാരികൾ വിശുദ്ധയുടെ കോൺവെന്റ് ആക്രമിക്കാൻ വന്നു. രോഗിയായ വി. ക്ലാര ദിവ്യകാരുണ്യവും വഹിച്ച് പ്രാർത്ഥിച്ചു. "എന്റെ കർത്താവേ നിന്നെ സ്തുതിക്കുന്നവരുടെ ആത്മാക്കളെ ആ മൃഗങ്ങളുടെ കയ്യിൽ ഏല്പിക്കരുതേ നിന്റെ അമൂല്യമായ രക്തത്താൽ നീ ഞങ്ങളെ വീണ്ടെത്തുവല്ലോ. അതിനാൽ നിന്റെ ഈ ദാസികളെ സംരക്ഷിക്കണമേ." അപ്പോൾ ഒരശരീരി സ്വരം കേട്ടു. "എപ്പോഴും നിങ്ങളെ സംരക്ഷിക്കും". ശത്രുക്കൾ പേടിച്ചോടുന്നതും കണ്ടു. 1253 ഓഗസ്റ്റ് 11-നാണ് വിശുദ്ധ ദിവംഗതയായത്. 2 വർഷം കഴിഞ്ഞ് വിശുദ്ധയായി പ്രഖ്യാപിച്ചു. ക്രിസ്തീയ ദാരിദ്ര്യവും ആത്മീയതയും നിറഞ്ഞ വി. ക്ലാര വി. ഫ്രാൻസീസിന്റെ പൂന്തോട്ടത്തിൽ വിരിഞ്ഞ പുഷ്പമാണ് എന്ന് വിശേഷിപ്പിക്കാറുണ്ട്.

- ജിപ്സി റാഫി
സെന്റ് തോമാസ് യൂണിറ്റ്




Ayyanthole Parish

## കുർബ്ബാന ഏറ്റെടുത്ത് നടത്തുന്നവർ

ജൂൺ 14 : ജോസ് കുന്നൻ, ക്രിസ്തുരാജ കുടുംബ കൂട്ടായ്മ

ജൂൺ 21 : മേരി പോൾ കരേരക്കാട്ടിൽ, സെന്റ് ആന്റണീസ് കുടുംബ കൂട്ടായ്മ

ജൂൺ 28 : ഒരു വിശ്വാസി

ജൂലായ് 05 : കെ.പി. ഷാജു കരേരക്കാട്ടിൽ, സെന്റ് ജോസഫ് കുടുംബ കൂട്ടായ്മ

ജൂലായ് 12 : ലിയോ ജെയ്സൻ കൂള, സെന്റ് സെബാസ്റ്റ്യൻ കുടുംബ കൂട്ടായ്മ

ജൂലായ് 19 : കെ.എൽ. ആന്റണി കരേരക്കാട്ടിൽ, സെന്റ് പോൾസ് കുടുംബ കൂട്ടായ്മ

ജൂലായ് 26 : ജെയ്മി തോമാസ് പുലിക്കോട്ടിൽ, മഡോണ കുടുംബ കൂട്ടായ്മ

ആഗസ്റ്റ് 02 : ആനി ജോസ് മുറ്റിച്ചൂക്കാരൻ, സെന്റ് ജോൺസ് കുടുംബ കൂട്ടായ്മ

ആഗസ്റ്റ് 09 : നെപ്പോളിയൻ അറങ്ങാശ്ശേരി, സെന്റ് ആന്റണീസ് കുടുംബ കൂട്ടായ്മ

ആഗസ്റ്റ് 14 : ടോണി പോൾ ചിറമ്മൽ, സെന്റ് പോൾസ് കുടുംബ കൂട്ടായ്മ

: ചിറ്റലപ്പിള്ളി ജേക്കബ് വിൻസന്റ്, സെന്റ് പോൾസ് കുടുംബ കൂട്ടായ്മ

ആഗസ്റ്റ് 15

6.30am : അഗസ്റ്റിൻ തരകൻ, സെന്റ് സേവ്യർ കുടുംബ കൂട്ടായ്മ

9.00am : വിൻസെന്റ് കരേരക്കാട്ടിൽ, സെന്റ് ജോസഫ് കുടുംബ കൂട്ടായ്മ

- കൊടിയേറ്റവും, മാതാവിന്റെ തിരുസ്വരൂപവും കിരീടവും കുടുംബ കൂട്ടായ്മകളിലേക്ക് പ്രാർത്ഥനാപൂർവ്വം നൽകുന്നത് : ആഗസ്റ്റ് 06 ഞായർ രാവിലെ 6.30ന്റെ വി. കുർബ്ബാനക്ക് ശേഷം
- നവനാൾ കുർബ്ബാനകൾ : ജൂൺ 14 മുതൽ ആഗസ്റ്റ് 09 വരെയുള്ള ബുധനാഴ്ചകളിൽ വൈകീട്ട് 6ന്
- മാതാവിന്റെ തിരുസ്വരൂപം കുടുംബ കൂട്ടായ്മകളിൽ നിന്ന് തിരികെ സ്വീകരിക്കുന്നത് : ആഗസ്റ്റ് 14 തിങ്കൾ വൈകീട്ട് 5.45ന്
- നേർച്ച ഊട്ട് : ആഗസ്റ്റ് 15 ചൊവ്വ 11.00 am to 2.30 pm
- ആഗസ്റ്റ് 14, 15 ദിവസങ്ങളിൽ ഭക്തർക്ക് രൂപക്കൂട്ടിൽ മാതാവിന്റെ കിരീടം എടുത്ത് വയ്ക്കുവാൻ സൗകര്യം ഉണ്ടായിരിക്കും.
- നേർച്ചഊട്ടിന് ശേഷം മാതാവിന്റെ തിരുസ്വരൂപം പള്ളിയകത്തേക്ക് പ്രദക്ഷിണമായ് ആനയിക്കുന്നു.
- നേർച്ച ഊട്ട് പാർസൽ സൗകര്യം ഉണ്ടായിരിക്കും

സെന്റ് മേരീസ് അസംപ്ഷൻ ചർച്ച്, അയ്യന്തോൾ, തൃശ്ശൂർ – 680 003

9778346027, www.ayyantholechurch.com

പ്രിയ സ്നേഹിതരെ,

നമ്മുടെ ഇടവക മധ്യസ്ഥയായ പരിശുദ്ധ സ്വർഗ്ഗാരോപിത മാതാവിന്റെ ഊട്ടുതിരുനാൾ നാം 2023 ആഗസ്റ്റ് 14,15 (തിങ്കൾ, ചൊവ്വ) തിയ്യതികളിൽ സമുചിതമായി ആഘോഷിക്കുന്നു. ആദിമ ക്രൈസ്തവ സഭാംഗങ്ങളുടെ ഇടയിലുണ്ടായിരുന്ന സ്നേഹ കൂട്ടായ്മയിലും, പങ്കുവയ്ക്കൽ മനോഭാവത്തിലും ഈ തിരുനാളിലൂടെ നമ്മളും ഒരു കുടുംബംപോലെ പങ്കുചേരുകയാണ്. വി. കുർബ്ബാനയിൽ കർത്താവിന്റെ തിരുശ്ശരീരരക്തങ്ങൾ ആത്മീയ ഭക്ഷണമായി അനുഭവിക്കുന്ന സുന്ദരമായ അനുഭവമാണിത്.

ആഗസ്റ്റ് 06 ഞായറാഴ്ച രാവിലെ കുർബ്ബാനയ്ക്കുശേഷമുള്ള കൊടിയേറ്റത്തോടെ തിരുനാളാഘോഷങ്ങൾക്ക് തുടക്കം കുറിക്കുന്നു. പരിശുദ്ധ സ്വർഗ്ഗാരോപിത മാതാവിന്റെ മാധ്യസ്ഥ്യം വഴി നിരവധിയായ ദൈവാനുഗ്രഹങ്ങൾ പ്രാപിക്കുവാൻ ഏവരേയും സ്നേഹപൂർവ്വം ക്ഷണിക്കുകയും, സഹായസഹകരണങ്ങൾ പ്രതീക്ഷിക്കുകയും ചെയ്യുന്നു.

എന്ന്,
ഫാ. ജെയ്സൺ പുന്നശ്ശേരി
വികാരി

## കൈക്കാരന്മാർ

വിൻസെന്റ് കരേരക്കാട്ടിൽ
ജോഷി പോൾ കരേരക്കാട്ടിൽ
അഗസ്റ്റിൻ തരകൻ
സുരേഷ് ജേക്കബ്ബ്

---

ഷിജു കൊക്കൻ
ജനറൽ കൺവീനർ

ജിന്റോ കോടങ്കണ്ടത്ത്
ജോ. ജനറൽ കൺവീനർ

ജോബി ചിറ്റിലപ്പിള്ളി
ജോ. ജനറൽ കൺവീനർ

## കൺവീനേഴ്സ്

സിസ്റ്റർ കാതറിൻ CHF
സാൻജോ സൈമൺ
ജോർലിൻ ജോഷി
ജോസ് ഇമ്മട്ടി
സെബാസ്റ്റ്യൻ ഒഴുകയിൽ
ടോണി തരകൻ

അമൽ ചാർളി
അലൻ പോൾസൺ
ജെറോം ജോൺസൺ
റോയ് ഒലക്കേങ്കിൽ
ഡേവിസ് അറക്കപ്പാടൻ

## ആഗസ്റ്റ് 06 ഞായർ 6.30 am

ആഘോഷമായ വി. കുർബ്ബാന,

# കൊടിയേറ്റം

തുടർന്ന് കുടുംബ കൂട്ടായ്മകളിലേക്ക് പരിശുദ്ധ സ്വർഗ്ഗാരോപിത മാതാവിന്റെ തിരുസ്വരൂപവും, കിരീടവും ഭാരവാഹികൾ കൊണ്ടുപോകുന്നു.

കാർമ്മികൻ : റവ. ഫാ. ജെയ്സൺ പുന്നശ്ശേരി (വികാരി)
9.45 am : വി. കുർബ്ബാന

## ആഗസ്റ്റ് 14 തിങ്കൾ

5.45 pm : കുടുംബ കൂട്ടായ്മകളിൽ നിന്ന്
പരി. സ്വർഗ്ഗാരോപിത മാതാവിന്റെ തിരുസ്വരൂപങ്ങളും,
കിരീടവും ആഘോഷപൂർവ്വം പള്ളിയിൽ ഏറ്റുവാങ്ങൽ.
ലദീഞ്ഞ്, നൊവേന
തുടർന്ന് വി. കുർബ്ബാന
തിരുസ്വരൂപങ്ങൾ എഴുന്നള്ളിച്ച് വയ്ക്കൽ
കാർമ്മികൻ : റവ. ഫാ. ജോയ്സൻ കോരേത്ത്
വികാരി, ആമ്പക്കാട്

## ആഗസ്റ്റ് 15 ചൊവ്വ തിരുനാൾ ദിനം

6.30 am : വി. കുർബ്ബാന
ദേശീയ പതാക ഉയർത്തുന്നു.
9.00 am : ആഘോഷമായ തിരുനാൾ കുർബ്ബാന
മുഖ്യകാർമ്മികൻ : റവ. ഫാ. സിജോ പൈനാടത്ത്
OFM Cap.
തിരുനാൾ സന്ദേശം : റവ. ഫാ. വിൽസൻ പൈനാടത്ത്
OFM Cap.

തുടർന്ന് പ്രദക്ഷിണം, നേർച്ച ഊട്ട്

നേർച്ച ഊട്ട് : 11.00am - 2.30pm

**നേർച്ച ഊട്ടിന് ആവശ്യമുള്ള പച്ചക്കറി, പലച്ചരക്ക് സാധനങ്ങൾ സ്പോൺസർ ചെയ്യുവാൻ ആഗ്രഹിക്കുന്നവർ ബന്ധപ്പെടുക**

96 5663 7776 (കൺവീനർ)
94 9513 1599 (കൈക്കാരൻ)
97 7834 6027 (ഓഫീസ്)

# വി. ബനഡിക്റ്റ്

**ഡെയ്സി അന്തപ്പൻ**, സെന്റ് മേരീസ് യൂണിറ്റ്



എ.ഡി. 480നോടടുത്ത് അനീചിയൂസിന്റെയും സിയയുടെയും ദാമ്പത്യവല്ലരിയിൽ വിരിഞ്ഞ ആദ്യപുഷ്പമാണ് ബനഡിക്റ്റ്. അതിനുശേഷ സ്കൊളാസ്റ്റിക്കാ എന്ന് പേരായ ഒരു മകൾ കൂടി ഇവർക്ക് ജനിച്ചു. സന്താനങ്ങളെ സന്മാർഗ്ഗനിഷ്ഠയിലും പുണ്യങ്ങളിലും വളർത്തുവാൻ മാതാപിതാക്കൾ ശ്രദ്ധിച്ചു. അക്കാലത്ത് ഇന്നത്തേതുപോലുള്ള വിദ്യാഭ്യാസ രീതികൾ ഒന്നും ഉണ്ടായിരുന്നില്ല. എങ്കിലും തങ്ങളുടെ മക്കൾക്ക് നല്ല വിദ്യാഭ്യാസം നൽകുവാൻ മാതാപിതാക്കൾ ഉത്സാഹിച്ചു. ന്യൂർസിയാസിൽ അതിനുള്ള സൗകര്യം ഉണ്ടായിരുന്നില്ല. അതിനാൽ തങ്ങളുടെ മകനെ റോമാനഗരത്തിലേക്ക് അയയ്ക്കുവാൻ അവർ തീരുമാനിച്ചു. ബനഡിക്റ്റ് ജന്മനാതന്നെ ശാന്തപ്രകൃതക്കാരനായിരുന്നു. എങ്കിലും അവനിൽ അസാധാരണമായ പ്രതിഭാവിലാസം നിഴലിച്ചിരുന്നു. ചെറുപ്പം മുതൽ തന്നെ അടിയുറച്ച വിശ്വാസം, സഭാസ്നേഹം, ധ്യാനചിന്ത, പരസ്നേഹം എന്നീ പുണ്യങ്ങൾ അവനിൽ കണ്ടുതുടങ്ങി. മാതാപിതാക്കളുടെ മാതൃകയും സ്നേഹവാത്സല്യവും കൂടി ലഭിച്ചപ്പോൾ അത് ഒരു വിശുദ്ധനിലേയ്ക്കുള്ള വളർച്ചയുടെ തുടക്കമാണ് എന്ന് അന്നാരും കരുതിക്കാണില്ല. അങ്ങനെ ബനഡിക്റ്റ് അറിവിലും പുണ്യത്തിലും വളരാൻ തുടങ്ങി.

ഒരിക്കൽ ആശ്രമപണിനടക്കുന്ന സമയം. ഈ ആശ്രമത്തിന്റെ ഒരു ഭാഗത്തുള്ള ഭിത്തി മറിഞ്ഞുവീണു. താഴെ ജോലി ചെയ്തുകൊണ്ടിരുന്ന ഒരു ബാലൻ ഈ കല്ലുകൾക്കിടയിൽപ്പെട്ടു. ഗുരുതരമായ പരിക്കേറ്റ അവനെ സഹപ്രവർത്തകർ ബനഡിക്റ്റിന്റെ അടുത്ത് എത്തിച്ചു. ബനഡിക്റ്റ് അവനെ സൂക്ഷിച്ചുനോക്കി. ശരീരമെല്ലാം കീറിമുറിഞ്ഞ് രക്തം വാർന്നൊഴുകുന്നു. അവൻ മരണത്തോട് അടുക്കയാണെന്ന് 'ബനഡിക്റ്റ്' ന് മനസ്സിലായി. ഉടൻ തന്നെ അദ്ദേഹം ബാലനെ നിലത്തുകിടത്തുവാൻ ആവശ്യപ്പെട്ടു. അതിനുശേഷം എല്ലാവരേയും അവിടെ നിന്ന് പറഞ്ഞയച്ചു. തുടർന്ന് അവിടെ നിലത്ത് മുട്ടുകുത്തി കണ്ണുകൾ ഉയർത്തി പിതാവിനോട് പ്രാർത്ഥിച്ചു. ഏതാനും നിമിഷങ്ങൾ കഴിഞ്ഞപ്പോഴേയ്ക്കും ബാലന്റെ രക്തസ്രാവം നിന്നും. അവന്റെ മുറിവുകൾ ഉണങ്ങി. അല്പം കഴിഞ്ഞപ്പോൾ ഉറക്കത്തിൽ നിന്നെന്നപോലെ അവൻ ഉണർന്നു. സുഖപ്പെട്ട ബാലനെ കണ്ട് ആശ്രമവാസികളും പരിസരവാസികളും ദൈവത്തെ സ്തുതിച്ചു. ഈ നൂറ്റാണ്ടിലും ബനഡിക്റ്റിനെപ്പോലെ ജീവിത വിശുദ്ധി കാത്തുസൂക്ഷിക്കുന്നതിനുള്ള കൃപലഭിയ്ക്കാൻ വിശുദ്ധന്റെ മാദ്ധ്യസ്ഥ്യം നമുക്ക് പ്രാർത്ഥിക്കുകയും അതനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യാം.



# ഞങ്ങൾ വരവായി



| Reg. No. | ജനനം | മാമ്മോദീസ | |
|---|---|---|---|
| 12/2023 | 28.08.1958 | 30.05.2023 | ചിറയത്ത് ലക്ഷ്മണൻ & എലിസബത്ത് മകൻ ജോസഫ് (എൽ. രാജേന്ദ്രൻ) |
| 13/2023 | 08.06.2022 | 25.06.2023 | ചാലിശ്ശേരി ജിസ്വിൻ ജസിന്റോ & നൈസി മകൾ മേഴ്സി (ആൻമരിയ ജിസ്വിൻ) |
| 04/2023 | 27.09.2022 | 15.07.2023 | പുന്നമൂട്ടിൽ ജീതിൻ ജോസഫ് & ജീതു എലിസബത്ത് മകൾ ഏലിയാമ്മ (ഒലിവിയ സാവിയോൻ ജിതിൻ) |
| 15/2023 | 17.04.2023 | 23.07.2023 | ചുങ്കൻ ബെൻസൻ സി.ഡി. & മെറിൻ ആലപ്പാട്ട് മകൻ വർഗ്ഗീസ് (ഫെർണാൻഡോ ബെൻസൻ) |



# ഞങ്ങൾ ഒന്നായി



09.07.2023 അയ്യന്തോൾ ഇടവക തെക്കിനിയത്ത് ടോണി&ഷീല മകൾ ആൻമേരി + ചൊവ്വൂർ ഇടവക പെല്ലിശ്ശേരി ജോയ് & ജിജി മകൻ ജിജോ

12.07.2023 അയ്യന്തോൾ ഇടവക തേറാട്ടിൽ ബാജു കുരിയൻ & ബെറ്റി മകൻ ബിറ്റോ ബാജു + ചങ്ങനാശ്ശേരി അതിരൂപത വൈശ്യം ഭാഗം ഇടവക തട്ടാശ്ശേരി തോമസ് ജോൺ & മറിയാമ്മ മകൾ അനീറ്റ തോമസ്

14.07.2023 അയ്യന്തോൾ ഇടവക കല്ലടി ബാസ്റ്റ്യൻ & തങ്കമ്മ മകൾ സൗമ്യ + ഇരിങ്ങാലക്കുട കത്തീഡ്രൽ ഇടവക ചിറ്റിലപ്പിള്ളി വീട്ടിലാൻ പോൾ & ലിസ്സി മകൻ ജിത്തു പോൾ

15.07.2023 അയ്യന്തോൾ ഇടവക മാറോക്കി പാച്ചൻ ജോഷി & പുഷ്പി മകൻ ജോൺ പാച്ചൻ + ഗുരുവായൂർ വടക്കേത്തല നിക്കോളാസ് & മേരി മകൾ നാൻസി മരിയ

# ഞങ്ങൾ യാത്രയായി

| | | |
|---|---|---|
| 07/2023 | 30.06.2023 | കരേരക്കാടിൽ ലോപ്പൻ ഭാര്യ റോസി (70) സെന്റ് പോൾസ് യൂണിറ്റ് |
| 08/2023 | 30.06.2023 | തേറാട്ടിൽ കുരിയൻ ഭാര്യ ബേബി (84 വയസ്സ്) സെ. തോമസ് യൂണിറ്റ് |
| 09/2023 | 30.06.2023 | പൊറുത്തൂർ കൂനംപ്ലാവ് അഗസ്റ്റിൻ മകൻ ജോൺ (73 വയസ്സ്) ഹോളി ഫാമിലി യൂണിറ്റ് |
| 11/2023 | 17.07.2023 | ചെറുവത്തൂർ ജെയ്ക്കബ് മകൻ ബിനോയ് (38 വയസ്സ്) ലിറ്റിൽ ഫ്ളവർ യൂണിറ്റ് |

## ഇടവകയിലേക്ക് വന്നവർ

30.06.2023 പൊറുത്തൂർ മേഴ്സി & ഫാമിലി (സെ.ജോൺസ് യൂണിറ്റ്)
02.07.2023 കരേരക്കാട്ടിൽ ലോനപ്പൻ മകൻ സുനിൽ & ഫാമിലി (സെ. പോൾസ് യൂണിറ്റ്)

## ചായകൂട്ട് മത്സരം



ഈ ചിത്രത്തിനു അനുയോജ്യമായ ചായമടിച്ച് ആഗസ്റ്റ് 20-ാം തിയ്യതിക്കു മുൻപ് പാരിഷ് ബുള്ളറ്റിൻ ബോക്സിൽ നിക്ഷേപിക്കണം.
ഏറ്റവും നല്ല ചായമിടലിന് സമ്മാനം ഉണ്ടായിരിക്കുന്നതാണ്.
(മതബോധന വിദ്യാർത്ഥികൾ പങ്കെടുക്കുക)

## ചായമിടൽ മത്സര വിജയി – ജൂലായ് 2023

**ജുവൽ വിൽസൻ**
**സെന്റ് ജോസഫ് യൂണിറ്റ്**




FLAGSHIP STORES: MAIN ROAD, CHAVAKKAD | NEAR VADAKKE STAND, THRISSUR
+91 94478 57788, +91 96453 88881 ttdevassyjewellers.com ttdevassyjewellers




Ocean®
WE GIVE LIFE TO PLASTIC

**OCEAN POLYMER INDUSTRIES PVT. LTD.**
V/35A, Marar Road, Velappaya Medical College P.O, Thrissur-680 596.
Phone: 0487- 2202787 / 88 / 8137009888 / 8137978880
www.theoceangroup.co.in • email: enquiry@theoceangroup.co.in

**FOR TRADE ENQUIRIES CALL: 0487- 2202787**
CUSTOMER CARE : 8137009888

nirmala hiprint Ph : 0487 2387393